കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുനാവായ ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം17/224/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി 20-02-2019

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുനാവായ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തിരുനാവായ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
4)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം17/224/2019 തിയ്യതി: 20/02/2019

<u>മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 13.09.2017 മുതൽ 11.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ.അജിത്, ഡെപ്യൂട്ടി ഡയറക്ടർ.

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 14-01-2019 മുതൽ 24-01-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.സാബു .പി. | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുനാസർ. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. സന്തോഷ് .പി. ടി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. യൂസഫ്. പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

<u>നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീ.ഫൈസൽ എടശ്ശേരി | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| പേര് | കാലയളവ് |
|---|---|
| ശ്രീ. ഫവാസ് ഷമീം | 01.04.2017 മുതൽ 17.05.2017വരെ. |
| ശ്രീ. വി. മുരളീധരൻ നായർ സെക്രട്ടറി ഇൻചാർജ് | 18.05.2017 മുതൽ 11.06.2017 വരെ |
| ശ്രീമതി. ഷീല. യു. | 12.06.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി. മധു. | 01.04.2017 മുതൽ 31.03.2018 വരെ. |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി. രശ്മി. | 01.04.2017 മുതൽ 27.06.2017 വരെ. |
| | ശ്രീമതി. ജയ.പി.എൻ. | 28.06.2017മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബാബുമോൻ .പി. | 01.04.2017 മുതൽ 31.03.2018 വരെ. |
| മെഡിയ്ക്കൽ ഓഫീസർ (അലോപ്പതി) | ഡോ.അനിൽ പിഷാരടി | 01.04.2017 മുതൽ 31.03.2018 വരെ. |
| മെഡിയ്ക്കൽ ഓഫീസർ ആയുർവേദം | ഡോ.അബൂബക്കർ കെ | 01.04.2017 മുതൽ 31.03.2018 വരെ. |
| വെറ്ററിനറി സർജൻ | ഡോ.സൂര്യനാരായണൻ | 01.04.2017 മുതൽ 31.03.2018 വരെ. |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ബീന. | 01.04.2017 മുതൽ 31.03.2018 വരെ. |
| ഹെഡ്മാസ്റ്റർ | ശ്രീ. ശശീന്ദ്രൻ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സുധാമാലിനി | 01.04.2017 മുതൽ 31.08.2017വരെ |
| | ശ്രീമതി. റാണി കെ | 01.09.2017 മുതൽ 31.03.2018വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ. ബിന്ദു സുധാകർ. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം II വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |

| | | |
|---|---|---|
| 13 | വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 2-1 |
| 14 | താമസ ക്വാർട്ടേഴ്സുകൾക്ക് നിയമ വിരുദ്ധമായി ഉയർന്ന നിരക്കിൽ നികുതി ചുമത്തുന്നു. | 2-2 |
| 15 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക വിവരം ലഭ്യമാക്കിയില്ല. | 2-3 |
| 16 | തൊഴിൽ നികുതി ഈടാക്കിയില്ല. | 2-4 |
| 17 | വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-5 |
| 18 | വാടക കുടിശ്ശിക പിരിച്ചെടുക്കാൻ ശേഷിക്കുന്നു | 2-6 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 19 | വിവിധ വാർഡുകളിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം, ചെലവഴിച്ച തുക തിരികെ ഈടാക്കിയില്ല | 3-1 |
| 20 | ഷോപ്പിംഗ് കോംപ്ലക്സിലെ കട മുറിയുടെ വൈദ്യുതി ചാർജ് കുടിശ്ശിക പലിശ സഹിതം ഒടുക്കിയതുമൂലം നഷ്ടം 2109 രൂപ | 3-2 |
| 21 | സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് (പ്രോജെക്റ്റ് നമ്പർ 138/18)-പ്രവൃത്തി പൂർത്തീകരിച്ചതിന് രേഖകളില്ല. | 3-3 |
| 22 | സിസിടിവി സ്ഥാപിക്കൽ-നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| 23 | പരസ്യ ചാർജിനത്തിൽ തുക നൽകിയത്-ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല | 3-5 |
| 24 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല. | 3-6 |
| 25 | സാക്ഷരതാ പ്രേരകിന് ഹോണറേറിയം നൽകിയത് റീക്കൂപ്പ് ചെയ്തില്ല | 3-7 |
| 26 | തൊഴിൽ രഹിത വേതന വിതരണ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ | 3-8 |
| 27 | സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ സംബന്ധിച്ച് | 3-9 |
| 28 | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിനു സബ്സിഡി -വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-10 |
| 29 | തനത്ഫണ്ട് പരിശോധന – രേഖകൾ ഹാജരാക്കിയില്ല – തടസ്സപ്പെടുത്തിയ തുക 328983 രൂപ | 3-11 |
| 30 | രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-12 |
| 31 | എസ് സി കുട്ടികൾക്ക് ലാപ്ടോപ്പ്-സ്റ്റൂൾ രേഖ ഹാജരാക്കാതെ വിതരണം നടത്തി | 3-13 |
| 32 | എസ് സി യുവാക്കൾക്ക് വിദേശജോലി-ധനസഹായം നൽകിയതിലെ അപാകതകൾ | 3-14 |
| 33 | നിർമ്മലം നിളയോരം-വീടുകൾക്ക് വേസ്റ്റ് ബാഗ് നൽകൽ-മാലിന്യ | 3-15 |

| | | |
|---|---|---|
| | നിർമ്മാർജന സംവിധാനം പ്രയോജനപ്പെടുത്തേണ്ടതാണ്. | |
| 34 | നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതു സംബന്ധിച്ച് | 3-16 |
| 35 | കന്നുകുട്ടി പരിപാലനം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 3-17 |
| 36 | തുല്യതാപഠനം രേഖകൾ ഹാജരാക്കിയില്ല | 3-18 |
| 37 | സർവീസ് ടാക്സ് ഉൾപ്പെടുത്തി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തു - കരാറുകാർ സർവീസ് ടാക്സ് അടവാക്കിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-19 |
| 38 | 136-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം- ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 3-20 |
| 39 | സൗത്ത് പല്ലാർ സബ് സെന്റർ നവീകരണം - കരാറുകാരന് അധിക തുക നൽകി . | 3-21 |
| 40 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം- നികുതി തുകകൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തത് മൂലം കൺവീനർക്ക് അധിക തുക നൽകി. | 3-22 |
| 41 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് - മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നില്ല | 3-23 |
| 42 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ | 3-24 |
| 43 | സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു | 3-25 |
| 44 | അഴകത്ത് കുളം കുടിവെള്ള പ്രദേശത്ത് സ്റ്റെപ്പ് നിർമ്മാണം- അപാകതകൾ | 3-26 |
| 45 | ഹോണറേറിയം - മാർഗ്ഗ രേഖാ വിരുദ്ധമായി ചെലവ് ചെയ്തു | 3-27 |
| 46 | പരിരക്ഷ പദ്ധതിയിൽ മറ്റൊരു പദ്ധതി കൂട്ടിച്ചേർത്ത് ചെലവ് ചെയ്തു | 3-28 |
| 47 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ - അധികം തുക നൽകി | 3-29 |
| 48 | മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തു | 3-30 |
| 49 | കമ്പ്യൂട്ടറും ഉപകരണങ്ങളും വാങ്ങിയതിൽ സുതാര്യതക്കുറവ് | 3-31 |
| | ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | |
| 50 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 51 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 52 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 53 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 54 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 55 | ഓഡിറ്റ് റിക്കവറി | 4-6 |
| 56 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 57 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 58 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 59 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 60 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 1 |
| 61 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 2 |
| 62 | ബാലൻസ് ഷീറ്റ് | 3 |
| 63 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | 01/29-03-2017 |
| പുതുക്കിയ ബജറ്റ് തീരുമാന നം./തിയ്യതി | 04/20-03-2018 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 09.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷിക ധനകാര്യപത്രിക പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 28.06.2018 വരെ | കെ.എസ്.എ എം.പി.എം17/1156/2018 തിയതി 05.07.2018 |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 23179524 |
| വരവ് | 80680323 |
| ആകെ | 103859847 |
| ചെലവ് | 78842322 |
| നീക്കിയിരിപ്പ് | 25017525 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23032876 | 23032876 | 19165441 | 3867435 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4843040 | 4843040 | 4602438 | 240602 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5264000 | 5264000 | 5264000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4636335 | 4636335 | 4600520 | 35815 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9034819 | 9034819 | 8141130 | 893689 |
| കെ എൽ എസ് ജി ഡി പി സ്റ്റേറ്റ് | 0 | 1195756 | 1195756 | 1195630 | 126 |
| കെ എൽ എസ് ജി ഡി പി സെൻട്രൽ | 0 | 186741 | 186741 | 186741 | 0 |
| എം എൻ ആർ ഇ ജി എസ് – (ഇ എഫ് എം എസ്) | 0 | 6181309 | 6181309 | 6181309 | 0 |
| എം എൻ ആർ ഇ ജി എസ് – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2596 | 391306 | 393902 | 390618 | 3284 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് ബ്ലോക്ക് | 381200 | 1405000 | 1786200 | 1036200 | 750000 |
| ജോയന്റ് വെഞ്ച്വർ അക്കൗണ്ട് ജില്ലാ പഞ്ചായത്ത് | - | 605000 | 605000 | 605000 | 0 |
| ബി ഫണ്ട് | 0 | 53562000 | 53562000 | 53562000 | 0 |

| | | | | | |
|---|---|---|---|---|---|
| തനതു ഫണ്ട്-ബാങ്ക് അക്കൗണ്ട് | 4587233 | 17900798 | 2248031 | 15801931 | 6686100 |
| തനതു ഫണ്ട്- ട്രഷറി അക്കൗണ്ട് | 16247604 | 20022111 | 36269715 | 22258928 | 14010787 |
| എസ് ബിടി ഇ പേയ്മെന്റ് തനത്ഫണ്ട് 2 | 0 | 631062 | 631062 | 103346 | 527716 |
| എസ് ബി ഐ ഒഎപി | 208668 | 7722 | 216390 | 0 | 216390 |
| എസ് ബി ടി കുടുംബശ്രീ | 47560 | 1772 | 49332 | 0 | 49332 |
| എസ്എംജിബി സാക്ഷരത | 356 | 0 | 0 | 0 | 356 |
| എസ്എംജിബി എസ്എസ്എ | 45435 | 3433 | 48868 | 89 | 48779 |
| എസ് ബി ടി എസ്ജിആർവൈ | 7510 | 214 | 7724 | 0 | 7724 |
| പോസ്റ്റ് ഓഫീസ് തനത് ഫണ്ട് | 210611 | 0 | 210611 | 0 | 210611 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 15564143 | 15564143 | 10618496 | 4945647 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 2596 | 391306 | 393902 | 390618 | 3284 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | -- | 6181309 | 6181309 | 6181309 | -- |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 11400 | 95 |
| കർഷക തൊഴിലാളി പെൻഷൻ | 1291700 | 439 |
| വിധവാ പെൻഷൻ | 17830000 | 5609 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 28259900 | 8340 |
| വികലാംഗ പെൻഷൻ | 5128600 | 1646 |
| വിവാഹ ധനസഹായം | 660000 | 22 |
| 50 വയസിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 310000 | 142 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2019 ന് (10.30 am) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 97,624/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ഡേ ബുക്ക് പ്രകാരം ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം ശരിയായി പ്രവർത്തിക്കുന്നില്ലായെന്നാണ് രേഖകളുടെ പരിശോധനയിൽ വ്യക്തമാകുന്നത്. സേവനപുസ്തക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും അപൂർണ്ണമായാണ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഡിപ്പോസിറ്റ് രജിസ്റ്ററിൽ വർഷാന്ത്യത്തിൽ നീക്കിയിരുപ്പുള്ള തുകയുടെ വർഷം തിരിച്ചുള്ള വിവരം രേഖപ്പെടുത്തുന്നില്ല. പഞ്ചായത്തിൽ ഉപയോഗിക്കുന്ന വാഹനത്തിന്റെ ഫ്യവൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പഞ്ചായത്തിൽ പുതിയ വാഹനം വാങ്ങുന്നതിന് മുൻപ് ഉപയോഗിച്ചിരുന്ന പഴയ വാഹനത്തിന്റെ റിപ്പയർ വിവരങ്ങൾ ഒന്നും തന്നെ റിപ്പയർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽരഹിത വേതന വിതരണ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവയും ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല. ബിൽ രജിസ്റ്ററിൽ 4/2017ൽ നടത്തിയ പെമെന്റുകൾക്ക് ബിൽ നം.രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ കെട്ടിട നികുതി, ലൈസൻസ് ഫീ തുടങ്ങിയവ കൃത്യമായ രീതിയിൽ ചുമത്തി ഈടാക്കുന്നതിൽ വീഴ്ചയുണ്ടാകുന്നതു മൂലം സ്ഥാപനത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. വരുമാനങ്ങളിൽ വസ്തു നികുതി, തൊഴിൽ നികുതി, എന്നിവയൊഴികെയുള്ളവ കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഇല്ല. ഷോപ്പിംഗ് കോംപ്ലക്സ് വാടക ഇനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നുണ്ട്. മാത്രവുമല്ല, ഇപ്രകാരം കുടിശ്ശിക വരുത്തിയവർക്ക് തന്നെ തൻവർഷവും മുറികൾ അനുവദിച്ചു കൊടുത്തിട്ടുണ്ട്. ഡിമാന്റ് രജിസ്റ്ററിൽ വാടക, പലിശ വിവരങ്ങൾ വേർതിരിച്ച് എഴുതാത്തതുമൂലം, കുടിശ്ശികക്ക് ഈടാക്കിയ പിഴപ്പലിശയുടെ കൃത്യതയും പരിശോധിക്കുവാൻ കഴിയുന്നില്ല. തന്മൂലം ഈയിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും പാലിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. ടെണ്ടർ നടപടി ക്രമങ്ങൾ കൃത്യമായി പാലിക്കാത്തത് മൂലം മത്സരാധിഷ്ഠിത ടെണ്ടർ മുഖേന ലഭ്യമാകേണ്ടുന്ന ആനുകൂല്യം നഷ്ടമാകുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ഗ്രമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഏകദേശം മുപ്പത് ലക്ഷത്തിലധികം രൂപ ചെലവാക്കി തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും

എത്രത്തോളം പ്രയോജനപ്പെട്ടുവെന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ചെലവഴിക്കപ്പെട്ട തുകയിൽ നല്ലൊരു ഭാഗവും വാഹനകൂലി, ഭക്ഷണം, പർച്ചേസുകൾ തുടങ്ങിയവയ്ക്കായാണ് ചെലവഴിക്കപ്പെട്ടിട്ടുള്ളത്. ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്. (ഖണ്ഡിക 3-9, 3-23, 3-28, 3-29, 3-30, 3-31 എന്നിവ കാണുക).

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോൻസ് ഓഡിറ്റ് | 26.11.2018 | 2018 ഒക്ടോബർ | 26.11.2018 |
| എ.ജി ഓഡിറ്റ് | ലഭ്യമായിട്ടില്ല | 1997-98 മുതൽ 2009-10 വരെ | 16-08-2013 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18 വാർഷികകണക്കിലെ അപാകതകൾ

1 വാർഷികധനകാര്യ പത്രികയിൽ പോസ്റ്റ് ഓഫീസ് തനത് ഫണ്ട് എന്ന അക്കൗണ്ടിൽ മുന്നിരിപ്പായും നീക്കിയിരിപ്പായും 210611 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ അക്കൗണ്ട് (അക്കൗണ്ട് നമ്പർ 70184, തിരുനാവായ പോസ്റ്റ് ഓഫീസ്) 22.02.2016 ന് അവസാനിപ്പിച്ചതായാണ് പോസ്റ്റ് ഓഫീസിൽ നിന്നും ലഭിച്ച രേഖയിൽ പരാമർശിച്ചിരിക്കുന്നത്. അക്കൗണ്ട് അവസാനിപ്പിച്ചപ്പോൾ നീക്കിയിരിപ്പായി ശേഷിച്ച 210611 രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഈ തുക എത്രയും പെട്ടെന്ന് തിരികെ ലഭ്യമാക്കേണ്ടതാണ്.

2ബാലൻസ് ഷീറ്റ് പ്രകാരം 55000 രൂപ ഇൻവെസ്റ്റ്മെന്റ് ആയി ഉണ്ട്. ഇൻവെസ്റ്റ്മെന്റ് സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3 ജിഎംഎൽപിഎസ് മെയിന്റനൻസ് എന്ന പദ്ധതിക്കായി തൻവർഷം 233245 രൂപ പാർട്ട് പെയ്മെന്റ് നടത്തിയിട്ടുണ്ട്. എന്നാൽ ഈ തുക കാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.

4 2016-17 വർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ച് ശ്രദ്ധയിൽപ്പെടുത്തിയ അപാകതകൾ പരിഹരിച്ചിട്ടില്ല.

5 വാർഷികകണക്കിൽ അടിസ്ഥാന അനുപാതങ്ങളുടെ (റേഷ്യോസ്) പത്രിക, പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

7. ബാലൻസ് ഷീറ്റ് B17 ഷെഡ്യൂൾ പ്രകാരം TSC ഇനത്തിലെ നീക്കിയിരിപ്പ് 1742594 രൂപയാണ്. എന്നാൽ B4 ഷെഡ്യൂളിൽ ഈ ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയത് 1720312 രൂപ മാത്രമാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു

കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 40/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ (100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 50/- രൂപ പരിഗണിക്കേണ്ടതിനു പകരം 40/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്നുള്ളതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ചതും ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ളതുമായ വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതെന്ന് കരുതുന്നു. എന്നാൽ പ്രസ്തുത ചട്ടത്തിൽ പരാമർശിച്ച കെട്ടിടങ്ങൾക്ക് ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയവയാണെന്നും അവയ്ക്ക് 2011ലെ പരാമർശിത ചട്ടങ്ങൾ ബാധകമാക്കുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ നിർദ്ദേശമെന്നും വ്യക്തമാവുന്നതാണ്. ചട്ടം 4(1) ൽ പരാമർശിക്കപ്പെട്ട വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കുന്നതിനും അവയ്ക്ക് കെട്ടിട നമ്പർ നൽകി ഓരോ കെട്ടിട ഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതിനും 3(5), 5(1), 5(2) ചട്ടങ്ങൾ നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ ഒരേ തരം ഉപയോഗക്രമത്തിന് ഉപയോഗിക്കുന്ന 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളെ ചെറിയ തറവിസ്തീർണ്ണമുള്ള മുറികളായി തിരിച്ചു എന്ന ഒറ്റക്കാരണത്താൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയം നടത്തുന്നത് ചട്ട വിരുദ്ധമാകുന്നു. ഇപ്രകാരം നിർണ്ണയിച്ചത് മൂലം നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്ര.നം. | കെട്ടിട നം. | ഉടമയുടെ പേര് | ആകെ തറ വിസ്തീർണ്ണം (m2) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1/435A മുതൽ 1/435G വരെ (7മുറികൾ) | ശ്രീ.സൈതലവി.എ. | 166.36 |
| 2 | 1/622മുതൽ 1/625വരെ (4മുറികൾ) | സർവശ്രീ.അബൂബക്കർ, ചെമ്മല നഫീസ | 187.19 |
| 3 | 2/266മുതൽ 2/669 വരെ (4മുറികൾ) | ശ്രീ.സൈതലവി ആയപ്പള്ളി | 198.32 |
| 4 | 3/105Aമുതൽ 3/105Pവരെ (15മുറികൾ) 105J 70/-നിരക്കിൽ | ശ്രീ.ചീനിക്കൽ ഹംസ ഹാജി | 254.10 |
| 5 | 3/676മുതൽ 3/689 വരെ (14മുറികൾ) | ശ്രീ.അബൂബക്കർ കോല്പപറമ്പിൽ | 320.18 |
| 6 | 3/732 മുതൽ 3/737 വരെ (6മുറികൾ) | ശ്രീ.കരീം, തിരുത്തി | 119.10 |
| 7 | 7/480B മുതൽ 7/480C വരെ (2മുറികൾ) | ശ്രീ.അബ്ദുൾ ഗഫൂർ, പ്രസിഡണ്ട്, ഹിദായത്തുസ്സിബയാൻ മദ്രസ്സ | 148.72 |
| 8 | 7/760 മുതൽ 7/768 വരെ (9മുറികൾ) | ശ്രീ.അബ്ദുൾ ഗഫൂർ,പൂഴിക്കുന്നത്ത്. | 433.75 |
| 9 | 7/773 മുതൽ 7/774 വരെ (2മുറികൾ) | ശ്രീ.പോക്കർ മുതൽ പേർ | 110.00 |
| 10 | 8/750 മുതൽ 8/757 വരെ (8മുറികൾ) | ശ്രീ.സൈതലവി,എടക്കുളത്ത് | 235.864 |

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ) പ്രകാരം, ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച കെട്ടിടങ്ങളിൽ ചിലതിന് ഉയർന്ന നിരക്കിൽ (100ച.മീ.മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ബാധകമായ) നികുതി നിർണ്ണയിച്ചിട്ടുമുണ്ട്. (ഉദാ. ക്രമ നമ്പർ 4- കെട്ടിട നമ്പർ 105J -70/-നിരക്കിൽ). കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണെന്ന് വ്യക്തമാണെന്നിരിക്കെ വിവേചനപരമായി നികുതി നിർണ്ണയിക്കുന്നതിനും പ്രസ്തുത ചട്ട ലംഘനം കാരണമാകുന്നു. 09/17.01.2019 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന അപാകത സംബന്ധിച്ച് വിശദീകരണം തേടിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഇപ്രകാരം മുൻവർഷങ്ങളിലുൾപ്പെടെ കുറവായി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## **2-2** താമസ ക്വാർട്ടേഴ്സുകൾക്ക് നിയമ വിരുദ്ധമായി ഉയർന്ന നിരക്കിൽ നികുതി ചുമത്തുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം 203(2)(എ) വകുപ്പ് പ്രകാരം വസ്തു നികുതി ചുമത്തുന്നതിന്റെ ആവശ്യത്തിലേക്ക് കെട്ടിടങ്ങളെ അവയുടെ ഉപയോഗക്രമമനുസരിച്ച് ഇനം തിരിച്ചിട്ടുണ്ട്. 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതുമാണ്.

203(2)(എ) വകുപ്പ് പ്രകാരം തിരിച്ച ഒന്നാമത്തെ ഇനം (i) പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ എന്നതാണ്. 14.01.2011ലെ സ.ഉ(അ)19/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമായ വസ്തു നികുതി നിരക്ക് സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കിന്റെ പരിധി വ്യക്തമാക്കിയിട്ടുള്ളതാണ്. ആക്ടിലെ പ്രസ്തുത വകുപ്പുകളുടെയും വിജ്ഞാപനത്തിന്റെയും അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ പാർപ്പിടാവശ്യത്തിനുള്ളവയുടെ വസ്തു നികുതി നിരക്ക് 3/- രൂപയാണ്.

പാർപ്പിടാവശ്യത്തിനുള്ളവയിൽ ഉൾപ്പെടുന്ന പാർപ്പിട ക്വാർട്ടേഴ്സുകൾക്ക് വസ്തു നികുതി നിർണ്ണയിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള ടി. നിരക്കിനേക്കാൾ കൂടിയ നിരക്ക് (30/-രൂപ) പരിഗണിച്ചതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

1-മേലേതിൽ മുഹമ്മദ്-2/682മുതൽ 2/691വരെയുള്ള 10 കെട്ടിട നമ്പറുകൾ

2-അഷ്റഫ് 2/699 മുതൽ 2/702 വരെ യുള്ള 04 കെട്ടിട നമ്പറുകൾ

3-മൊയ്തീൻകുട്ടി 3/218A മുതൽ 3218D യുള്ള 04 കെട്ടിട നമ്പറുകൾ

അപാകതകൾ സംബന്ധിച്ച് 38/24.1.2019 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം തേടിയെങ്കിലും ലഭ്യമാക്കിയില്ല. നിയമപ്രകാരമുള്ള നികുതി മാത്രം ചുമത്തുന്നതിന് നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## **2-3** മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക വിവരം ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ച് വസ്തുനികുതി നികുതി നിർണ്ണയിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നത് പ്രത്യേകമായി നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടി വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് 1/ 16.01.2019നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. മറുപടി ലഭ്യമാക്കിയില്ല. കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം 3 വർഷത്തിനകം ഡിമാന്റ് ചെയ്യാതിരുന്നാൽ നികുതി ദായകനിൽ നിന്നും നിയമപരമായി കുടിശ്ശിക വസൂലാക്കാൻ കഴിയാതെ വരുന്നതാണ്.

വസ്തു നികുതി ഒടുക്കുന്നത് കൃത്യമായി നിരീക്ഷിക്കുന്നതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല. എൻക്വയറി നൽകിയിട്ടും രജിസ്റ്റർ ഹാജരാക്കാത്തതിനാൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി

ഒടുക്കുന്നത് നിരീക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനം നിലവിലില്ല എന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മുഴുവൻ മൊബൈൽ ടവറുകളുടെയും വസ്തു നികുതി കൃത്യമായി ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതും നികുതി ഒടുക്കാത്ത അനധികൃതമായുള്ളവ അടച്ചുപൂട്ടാനും നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരവും, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും, ഡിമാന്റ് രജിസ്ററർ പ്രകാരം, തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

എ).സ്ഥാപന നികുതി ഒടുക്കാത്തത്.

| ക്രമ.നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | തിരുനാവായ സർവീസ് സഹകരണ ബാങ്ക് | 1st &2nd |
| 2 | എം.ഇ.എസ്.സെൻട്രൽ സ്കൂൾ, തിരുനാവായ | 1st &2nd |
| 3 | എം.ഇ.ടി.ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, കൈതക്കര | 1st &2nd |
| 4 | ഭാരതീയ വിദ്യാഭവൻ | 1st &2nd |
| 5 | കമ്മു മുസ്ല്യാർ ഹൈസ്കൂൾ, വൈരങ്കോട് | 1st &2nd |
| 6 | വനിതാ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2nd |
| 7 | ഖിദമത്തുൽ ഇസ്ലാം ഹയർ സെക്കന്ററി സ്കൂൾ | 2nd |
| 8 | ഖിദമത്ത് കോളേജ്, പട്ടർനടക്കാവ് | 1st &2nd |
| 9 | മർക്കസ് ഹയർസെക്കന്ററി സ്കൂൾ, കാരത്തൂർ | 1st &2nd |
| 10 | ഗ്രാമ പഞ്ചായത്തിലെ റേഷൻ കടകൾ | 1st &2nd |

ബി). നികുതി ഒടുക്കാത്ത വ്യക്തികൾ

| പേര് | തസ്തിക | സ്ഥാപനം | അർദ്ധ വർഷം | റിമാർക്സ് (1stഅർദ്ധ വർഷം ഒടുക്കിയത്) |
|---|---|---|---|---|
| വൈരങ്കോട് ദേവസ്വം ജീവനക്കാർ | വിവിധം | വൈരങ്കോട് ദേവസ്വം | 1st | |

| | | | | |
|---|---|---|---|---|
| | | | &2nd | |
| ശ്രീമതി.മറിയാമു | പി.ടി.എസ്. | വില്ലേജ് ഓഫീസ്,തിരുനാവായ | 2nd | 1st - 750/-ട്രാൻസ്ഫർ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീ.രാജൻ.ഇ.കെ. | എൽ.പി. എസ്.എ | ജി.എൽ.പി.എസ്. തിരുത്തി | 2nd | 1st - 1250/-ട്രാൻസ്ഫർ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീ.സനീഷ്.പി.പി. | എൽ.പി. എസ്.എ | ജി.എം.എൽ.പി.എസ്. എടക്കുളം | 2nd | 1st - 1250/- |
| എ.എം.എൽ.പി.എസ്. തിരുനാവായ 17 ജീവനക്കാർ | വിവിധം | എ.എം.എൽ.പി.എസ്. തിരുനാവായ | 2nd | 1st - 20500/- |
| കമ്മു മുസ്ല്യാർ ഹൈസ്കൂൾ, വൈരങ്കോട് 06 ജീവനക്കാർ | വിവിധം | കമ്മു മുസ്ല്യാർ ഹൈസ്കൂൾ | 2nd | 1st - 1140/- |
| എൻ.ആർ.എച്ച്.എം. ഹോമിയോ ജീവനക്കാർ | വിവിധം | എൻ.ആർ.എച്ച്.എം. ഹോമിയോ | 1st &2nd | - |
| വനിതാ കോ ഓപ്പറേറ്റീവ് സൊസൈറ്റി ജീവനക്കാർ. | വിവിധം | വനിതാ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2nd | 1st - 5000/- |
| ശ്രീ.അബ്ദുറഹ്മാൻ. | ലൈബ്രേറിയൻ | തിരുനാവായ | 2nd | 1st - 750/- |

| | | | | |
|---|---|---|---|---|
| | | ഗ്രന്ഥാലയം | | |
| ഖിദമത്തുൽ ഇസ്ലാം ഹയർ സെക്കന്ററി സ്കൂൾ 27 ജീവനക്കാർ. | വിവിധം | ഖിദമത്തുൽ ഇസ്ലാം ഹയർ സെക്കന്ററി സ്കൂൾ | 2nd | 1st - 4200/- |
| ഖിദമത്ത് കോളേജ്, പട്ടർനടക്കാവ് 22 ജീവനക്കാർ. | വിവിധം | ഖിദമത്ത് കോളേജ്,പട്ടർനടക്കാവ് | 2nd | 1st - 12534/- |
| മർക്കസ് ഹയർസെക്കന്ററി സ്കൂൾ, കാരത്തൂർ ജീവനക്കാർ. | വിവിധം | മർക്കസ് ഹയർസെക്കന്ററി സ്കൂൾ,കാരത്തൂർ | 1st &2nd | - |
| ശ്രീമതി.സീന.പി. | സീനിയർ ക്ലർക്ക് | ഗ്രാമ പഞ്ചായത്ത് ഓഫീസ് | 2nd | 1st - 1250/-ട്രാൻസ്ഫർ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീ.ഷാജി.വൈ. | ക്ലർക്ക് | ഗ്രാമ പഞ്ചായത്ത് ഓഫീസ് | 2nd | 1st - 1250/-ട്രാൻസ്ഫർ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീമതി. സൗമ്യ.കെ. | ക്ലർക്ക് | ഗ്രാമ പഞ്ചായത്ത് ഓഫീസ് | 2nd | 1st - 1250/-ട്രാൻസ്ഫർ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീമതി. ദിവ്യ | ക്ലർക്ക് | എം.ഡി.സി.ബാങ്ക് | 2nd | 1st - 1250/-ട്രാൻസ്ഫർ വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| ശ്രീ.അഷ്റഫലി | അക്കൗണ്ടന്റ് | അനന്താവൂർ സർവീസ് സഹകരണ ബാങ്ക് | 2nd | 1st - 1250/-ട്രാൻസ്ഫർ വിവരം |

| | | | | |
|---|---|---|---|---|
| | | | | രേഖപ്പെടുത്തിയിട്ടില്ല. |

പ്രസ്തുത സ്ഥാപനങ്ങളും വ്യക്തികളും യഥാർത്ഥത്തിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, പഞ്ചായത്ത് പരിധിയിൽ സേവനം ചെയ്യുന്ന കോൺട്രാക്റ്റർമാർ, എഞ്ചിനീയർമാർ, ഡോക്ടേഴ്സ്, വക്കീലൻമാർ തുടങ്ങിയ പ്രഫഷണൽസിന്റെ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, ട്രാൻസ്ഫർ ആയ ജീവനക്കാരിൽ നിന്നും നികുതി ബാധകമാവുന്ന കാലം ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആയതിനനുസരിച്ച് ചട്ടപ്രകാരം നികുതി ഈടാക്കിയ വിവരം എന്നിവ ലഭ്യമാക്കുന്നതിന് 36/24.01.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പരാമർശിക്കപ്പെട്ട വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ബാധകമായ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-5 വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

ഡി.ആന്റ് ഒ.രജിസ്റ്റർ പ്രകാരം 433 ട്രേഡേഴ്സ് സ്ഥാപനങ്ങളുണ്ട്. അവയിൽ നിന്നും അർദ്ധ വാർഷിക വരുമാന പത്രിക അടിസ്ഥാനമാക്കാതെ, ലഭിക്കുന്ന സ്ഥാപന തൊഴിൽ നികുതി വരവിലെടുത്തിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്ന് തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. നല്ല തോതിൽ വ്യാപാരം നടക്കുന്ന പ്രമുഖ സ്ഥാപനങ്ങളിൽ നിന്ന് പോലും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലേയും ഏറ്റവും താഴെയുള്ള ഗ്രേഡ്-ഇ. ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280 രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450 രൂപ. ഒരു സ്ഥാപനത്തിൽ ഏറ്റവും ചുരുങ്ങിയത് ശരാശരി 2 ജീവനക്കാരെങ്കിലും തൊഴിലെടുക്കുന്നുവെന്ന് കരുതാവുന്നതാണ്. 433 സ്ഥാപനങ്ങളിലായി 866 തൊഴിലാളികളിൽ നിന്ന് രണ്ട് അർദ്ധ വർഷങ്ങളിലായി (866x450x2) 7,79,400/-രൂപ തൊഴിൽ നികുതി ഈടാക്കാൻ സാധിക്കുമെങ്കിലും ഇപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്ന ഈ സാധ്യത ഉപയോഗപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളുണ്ടായതായി കാണുന്നില്ല.

പ്രമുഖ വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളി/ജീവനക്കാരിൽ നിന്ന് പോലും തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് 36/24.01.2019 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം തേടിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-6 വാടക കുടിശ്ശിക പിരിച്ചെടുക്കാൻ ശേഷിക്കുന്നു

വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന മുറികളുടെ വാടകക്കാരിൽ നിന്നും വാടക മുഴുവനും പിരിച്ചെടുത്തിട്ടുത്തിട്ടില്ല. ബൈലോ 10ാം നിബന്ധന പ്രകാരം അതാത് മാസം 5ാം തീയതിക്കകം വാടക ഒടുക്കാത്ത പക്ഷം വാടകക്കാരനെ കഷ്ടനഷ്ടങ്ങൾ ഈടാക്കി നിരുപാധികം ഒഴിപ്പിക്കാവുന്നതാണ്. എന്നാൽ മാസങ്ങളും വർഷത്തിലധികരിച്ചതുമായ കുടിശ്ശിക വരുത്തിയവരെ ഒഴിപ്പിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല.

I.പട്ടർ നടക്കാവ് കോംപ്ലക്സ്

| റൂം നമ്പർ | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | ഓഡിറ്റ് സമയത്ത് നിലവിലുള്ള കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|---|
| 17 | 7/621 | ശ്രീ.മൊയതീൻ കുട്ടി | 3,150 | 37,800 | കുടിശ്ശിക 12 മാസം |
| 24 | 7/628 | ശ്രീ.ഉമ്മർ | 2,258 | 27,096 | ,, |
| 25 | 7/627 | | 2,258 | 27,096 | ,, |
| 28 | 7/626 | | 2,625 | 31,500 | ,, |
| 21 | 7/625 | ശ്രീ.ദിലീപ് | 9,765 | 97,650 | കുടിശ്ശിക 10 മാസം |
| 37 | 7/642 | ശ്രീ.മൃണാളൻ | 5,933 | 35,665 | കുടിശ്ശിക 6 മാസം |
| 38 | 7/643 | ശ്രീ.ജാഫറലി | 8,925 | 26,775 | കുടിശ്ശിക 3 മാസം |
| ആകെ | | | | 2,83,582 | |

മുൻവർഷ കുടിശ്ശികയുടെ വിവരം ലഭ്യമായിട്ടില്ല. പ്രസ്തുത കുടിശ്ശിക ഉൾപ്പെടെ നാളിതുവരെയുള്ള മുഴുവൻ കുടിശ്ശിക തുകയും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

II.ഫിഷ് മാർക്കറ്റ്

| | | | | |
|---|---|---|---|---|
| 5/3A,3B, 3C, 3D | ശ്രീ.മൊയതീൻ കുട്ടി.വി. | 6,353 (വാർഷികം) | 1,353 | 5000/- ഇ.എം.ഡി ക്രമീകരിച്ചു. |

(ബി) റൂമുകൾ ഒഴിഞ്ഞുകിടക്കുന്നു

31(7/635), 35(7/640), 36(7/641) എന്നീ റൂമുകൾ നിലവിലുള്ളവർ ഒഴിഞ്ഞുപോയതിനെ തുടർന്ന് 5/3/18ൽ ലേലം നടത്തിയെങ്കിലും ആരും ലേലം കൊള്ളാത്തതിനാൽ ഒഴിഞ്ഞ് കിടക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. പുനർലേല, നെഗോസിയേഷൻ

നടപടികളിലൂടെ റൂമുകൾ വാടകയ്ക്ക് നൽകുന്നതിന് സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളും ദീർഘകാലം കുടിശ്ശിക വരുത്തിയവർക്കെതിരെ ബൈലോ നിബന്ധനകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് സംബന്ധിച്ചും ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ പുനർലേല വിവരങ്ങളും ലഭ്യമാക്കേണ്ടതിന് 37/24.01.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിവിധ വാർഡുകളിൽ ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം- ചെലവഴിച്ച തുക തിരികെ ഈടാക്കിയില്ല -

2017-18 വർഷം പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും കുടിവെള്ള ക്ഷാമം രൂക്ഷമായ 23 വാർഡുകളിലും ഒന്നാം ഘട്ടത്തിൽ 05-04-17 മുതൽ 30-04-2017 വരെയും, രണ്ടാം ഘട്ടത്തിൽ 01-05-17 മുതൽ 31-05-2017 വരെയും കുടിവെള്ള വിതരണം നടത്തിയതിന്, ഏറ്റവും കുറഞ്ഞ നിരക്കായ ഒരു ലിറ്ററിന് 0.23 പൈസ ക്വോട്ട് ചെയ്ത, ശ്രീ.ഉമ്മർ ഫറൂഖ്, കോലോത്തു പറമ്പിൽ, തൃപ്പങ്ങോട്.പി.ഒ, എന്നയാൾക്ക് ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

ബിൽ നം.51700114/12-05-2017- 519110/- (ഒന്നാം ഘട്ടം)

ബിൽ നം.51700199/15-6-2017- 480240/- (രണ്ടാം ഘട്ടം)

ചെലവു രേഖകളുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. തദ്ദേശ സ്വയംഭരണ ( ഡി.എ ) വകുപ്പിന്റെ 01-03-2017 ലെ സർക്കുലർ നം. 118/ഡി.എ-1/2017 ഉത്തരവ് പ്രകാരം വരൾച്ച നേരിടുന്നതിന്റെ ഭാഗമായി ടാങ്കറിൽ കുടിവെള്ള വിതരണം നടത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ടി ഉത്തരവിലെ ഒന്നാം ഖണ്ഡിക പ്രകാരം കുടിവെള്ള വിതരണത്തിന് വരുന്ന ചെലവിന്റെ ബില്ല് അതാതു ജില്ലാ കളക്ടർമാർക്ക് സമർപ്പിച്ച് തുക റീ -ഇംബേഴ്സ് ചെയ്ത് വാങ്ങണമെന്നും, ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിക്കാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തനതുഫണ്ടിൽ നിന്നും ഇതിനായി ചെലവഴിച്ച 999350/-രൂപ നാളിതുവരെയും റീ- ഇംബേഴ്സ് ചെയ്ത് വാങ്ങിയതായി കാണുന്നില്ല.

2. ടിയിനത്തിൽ ആകെ 999350/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തികൾക്ക്, ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 9994/-രൂപ (999350 x 1%) രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടിയിനത്തിൽ തുകയൊന്നും തന്നെ ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-2/16-01-2019) ലഭിച്ച മറുപടിയിൽ,

ടിയിനത്തിൽ ആകെ 999350/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക്,ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 9994/-രൂപ (999350 x 1%) രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടിയിനത്തിൽ തുകയൊന്നും തന്നെ ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 2/16-01-2019) ലഭിച്ച മറുപടിയിൽ, ആദായനികുതി ഇനത്തിൽ നൽകിയ തുക തിരികെ വാങ്ങി ഒടുക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. ആദായ നികുതി ഈടാക്കാതിരുന്നതുമൂലം കരാറുകാരന് അധികം നൽകിയ 9994/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. 9994/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പലിശ സഹിതം ഒടുക്കിയതുമൂലം നഷ്ടം-2019/- രൂപ

ബിൽ നം.51700094/10-05-2017/4997/-രൂപ

ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ട് കടമുറിയുടെ (കടമുറി നമ്പർ രേഖപ്പെടുത്തിയിട്ടില്ല) വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ ചുവടെ ചേർക്കും പ്രകാരമുള്ള തുക തിരൂർ താലൂക്ക് ഡെപ്യൂട്ടി തഹസിൽദാരുടെ ഡിമാന്റ് നോട്ടീസ് പ്രകാരം തിരുനാവായ വില്ലേജ് ഓഫീസിൽ ഒടുക്കിയിട്ടുണ്ട്.

| കാലയളവ് | വൈദ്യുതി ചാർജ്ജ് | പലിശ | നോട്ടീസ് ഫീ | ആകെ |
|---|---|---|---|---|
| 21/7/12 മുതൽ 8/5/2017 വരെ | 1667 | 1441 | 75 | 3183 |
| 19/8/14 മുതൽ 8/5/2017 വരെ | 1167 | 578 | 75 | 1814 |
| | | | ആകെ | 4997 |

ഇപ്രകാരം വർഷങ്ങളോളം വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തുവാനും തന്മൂലം പിഴപലിശ ഒടുക്കുവാനുണ്ടായ സാഹചര്യവും, ടി കടമുറികളുടെ വിശദാംശവും, ടി കാലയളവിൽ കടമുറികൾ ഒഴിഞ്ഞു കിടന്നിരുന്നുവോ എന്നുള്ള വിവരവും ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (4/16-01-2019) ലഭിച്ച മറുപടിയിൽ, ടി കടമുറികൾ വ്യക്തികൾക്ക് വാടകക്ക് നൽകിയിരുന്നതാണെങ്കിലും, വാടക കുടിശ്ശിക വരുത്തിയതിനാൽ 26-12-2014 ലെ കമ്മിറ്റി തീരുമാന പ്രകാരം വാടകക്കാരെ ഒഴിപ്പിക്കുകയും, പിന്നീട് വിവിധ കാരണങ്ങളാലും, കോടതി ഇടപെടൽ മൂലവും പുനർ ലേലവും, തുടർ വർഷങ്ങളിലെ ലേലവും നടക്കാതെ വരുകയും, 26-05-2016 നാണ് ലേലം നടന്നതെന്നും, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തിൽ ടി രണ്ടു കടമുറികളൊഴികെയുള്ളവ ലേലത്തിൽ പോകുകയും ചെയ്തുവെന്നും സെക്രട്ടറി അറിയിച്ചു. പിന്നീട് വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുകയും, വൈദ്യുതിബോർഡ് വൈദ്യുതി വിച്ഛേദിക്കുകയുമുണ്ടായെന്നും, എന്നാൽ ഈ വിവരം പഞ്ചായത്തിനെ അറിയിക്കാതിരുന്നതിനാലാണ് ഇപ്രകാരം പലിശ സഹിതം കുടിശ്ശിക അടക്കേണ്ടി

വന്നതെന്നമാണ് മറുപടി നൽകിയത്. വാടകക്കാരെ കുടിശ്ശിക വരുത്തിയതിന്റെ പേരിൽ ഒഴിപ്പിക്കുമ്പോൾ അവരിൽ നിന്നും എല്ലായിനങ്ങളിലും ലഭിക്കുവാനുള്ള തുക അവർ നൽകിയിട്ടുള്ള സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അവർക്കെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ അത്തരം നടപടി സ്വീകരിക്കാതിരുന്നതുമൂലം പഞ്ചായത്തിന് നഷ്ടമായ 4997/-രൂപയിൽ, കടമുറി ഒഴിയുന്ന കാലയളവു വരെയുള്ള തുകയും പലിശയും തിട്ടപ്പെടുത്തി കടമുറി ലേലം കൊണ്ടിരുന്ന വ്യക്തികളിൽ നിന്നും ഈടാക്കാൻ ഭരണ സമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് (പ്രൊജക്ട് നം.138/18)- പ്രവർത്തി പൂർത്തീകരിച്ചതിന് രേഖകളില്ല-

ചെലവ് വിവരം - ബിൽ നം. 51701085/21-03-18, - 300000/-

അടങ്കൽ - 500000/- (തനതുഫണ്ട്)

തനതുഫണ്ട് ഉപയോഗിച്ച് സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം തൻവർഷം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടി.പി.അബ്ദുൾ കബീർ, തുരക്കാപറമ്പിൽ വീട്, തൃത്താല, പാലക്കാട് എന്നയാൾക്ക് ചുവടെ ചേർത്തിട്ടുള്ള പ്രകാരം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതിന് 2,99,950/-രൂപ നൽകിയിട്ടുണ്ട്.

| ഇനം | റിപ്പയർ നടത്തിയ എണ്ണം | ഒരെണ്ണത്തിന്റെ നിരക്ക് | തുക |
|---|---|---|---|
| Double Tube | 68 | 800 | 54400 |
| CFL | 213 | 650 | 138450 |
| CFL (Automatic) | 153 | 700 | 107100 |
| | | ആകെ | 299950 |

നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

1.കേടുവന്ന ലൈറ്റുകളുടെ എണ്ണം സംബന്ധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് രേഖകളില്ല.

2. റിപ്പയർ ചെയ്തു നൽകുന്ന ലൈറ്റുകൾക്ക് ഗ്യാരണ്ടി നൽകുന്ന കാര്യം സംബന്ധിച്ച പരാമർശം കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.അറ്റകുറ്റപ്പണി നടത്തിയ വിളക്കുകളുടെ എണ്ണം സംബന്ധിച്ച് കെ.എസ്.ഇ.ബി യിൽ നിന്നുള്ള സാക്ഷ്യപത്രം ഇല്ല.

4. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തികൾക്ക്, ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 3000/- (300000 x 1%) രൂപ

ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടിയിനത്തിൽ തുകയൊന്നും തന്നെ ഈടാക്കിയിട്ടില്ല.

5.നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ ഈടാക്കേണ്ട ഒരു ശതമാനം തുകയായ 3000/- രൂപയും ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും, ആവശ്യപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (14 /18-01-2019), മറുപടി ലഭിച്ചിട്ടില്ല. ആദായനികുതി ഈടാക്കാതിരുന്നത് മൂലം അധികം നൽകിയ 3000/- രൂപയും, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിൽ ഈടാക്കാതിരുന്ന 3000/- രൂപയും ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി അതാത് വകുപ്പിൽ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. മേൽ പരാമർശിച്ച മറ്റ് കാരണങ്ങളാൽ പദ്ധതിക്കായി ചെലവഴിച്ച 2,99,950/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 സി.സി.ടി.വി.സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകതകൾ -

പ്രൊജക്ട് നമ്പർ – എസ്.ഒ 154/18, അടങ്കൽ – 3,80,000/- (ശുചിത്വമിഷൻ ഫണ്ട്)

ചെലവ് വിവരം - ബിൽ നം. 51700910/02-02-18, - 3,74,500/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ രാത്രി കാലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം തൻവർഷം 15 സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുകയും 374500/- രൂപ ആയത് സ്ഥാപിച്ച അസ്സോസ്സിയേറ്റഡ് കംപ്യൂട്ടേഴ്സ് & സെക്യൂരിറ്റി സിസ്റ്റംസ് എന്ന സ്ഥാപനത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണവുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.ആകെ സ്ഥാപിച്ച 15 സി.സി.ടി.വി ക്യാമറകളിൽ മൂന്നെണ്ണം പഞ്ചായത്ത് ഓഫീസ് പരിസരത്തും, ബാക്കിയുള്ള 12 എണ്ണം വിവിധ വാർഡുകളിലുമാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിൽ പഞ്ചായത്ത് ഓഫീസ് പരിസരത്ത് സ്ഥാപിച്ചിട്ടുള്ളവ മാത്രമാണ് പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ സംവിധാനവുമായി ബന്ധപ്പെടുത്തിയിട്ടുള്ളതും പഞ്ചായത്തിൽ നിന്നും നിരീക്ഷിക്കുവാൻ സംവിധാനവും ഉള്ളത്. ബാക്കിയുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളവ എപ്രകാരമാണ് നിരീക്ഷിക്കപ്പെടുന്നതെന്നോ, അവ പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ സംവിധാനവുമായി ബന്ധപ്പെടുത്താത്തത് എന്തുകൊണ്ടാണെന്നോ വ്യക്തമല്ല.

2.പ്രവർത്തി അംഗീകരിച്ചു നൽകിയിരിക്കുന്ന അസ്സോസ്സിയേറ്റഡ് കംപ്യൂട്ടേഴ്സ് & സെക്യൂരിറ്റി സിസ്റ്റംസ് എന്ന സ്ഥാപനവുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഫയലിൽ സൂക്ഷിച്ചിട്ടില്ല. തന്മൂലം ടി സ്ഥാപനം സ്ഥാപിച്ച ക്യാമറകൾക്ക് ഗ്യാരണ്ടി നൽകിയിരുന്നോ, ഉണ്ടെങ്കിൽ എത്ര വർഷം തുടങ്ങിയവ എന്നുള്ളത് വ്യക്തമല്ല.

3.വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകളുടെ നിലവിലെ സ്ഥിതി, ആയവ എല്ലാം തന്നെ പ്രവർത്തന ക്ഷമമാണോ തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല.

4.ടെണ്ടർ രജിസ്റ്ററിൽ ടി പ്രവർത്തിക്ക് റീ-ടെണ്ടർ ചെയ്തതായും, രണ്ട് സ്ഥാപനങ്ങൾ റീ-ടെണ്ടറിൽ ടെണ്ടർ സമർപ്പിച്ചതായും രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യ ടെണ്ടറിൽ ലഭിച്ച ടെണ്ടറുകൾ എത്ര?, റീ-ടെണ്ടർ ചെയ്യാനുണ്ടായ കാരണം തുടങ്ങിയവയൊന്നും തന്നെ ഫയലിൽ

ലഭ്യമല്ല.

5.കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക് ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 7490/- (374500 x 2%) രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ ടിയിനത്തിൽ തുകയൊന്നും തന്നെ ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13 / 18-01-2019), മറുപടി ലഭിച്ചിട്ടില്ല. ആദായനികുതി ഈടാക്കാതിരുന്നത് മൂലം അധികം നൽകിയ 7490/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. 7490/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മറ്റ് അപാകതകൾ പരിഹരിച്ച് പദ്ധതി ലക്ഷ്യം പൂർത്തീകരിക്കേണ്ടതാണ്.

## 3-5 പരസ്യചാർജ്ജിനത്തിൽ തുക നൽകിയത് -ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല-

2017-18 വർഷം പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള പ്രകാരം പരസ്യചാർജ്ജിനത്തിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ബിൽ നം/തീയതി | തുക | ചെലവ് വിവരം |
|---|---|---|---|
| 1. | 51700029/-4-2017 | 2880 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചന്ദ്രിക ദിനപത്രത്തിൽ പരസ്യം നൽകിയതിന്. |
| 2. | 51700444/31-8-2017 | 9996 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇൻഡ്യൻ എക്സ്പ്രസ്സ് ദിനപത്രത്തിൽ പരസ്യം കൊടുത്തത്. |
| 3. | 51700523/25-9-2017 | 6720 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചന്ദ്രിക ദിനപത്രത്തിൽ പരസ്യം നൽകിയതിന്. |
| 4. | 51700524/25-9-2017 | 5880 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചന്ദ്രിക ദിനപത്രത്തിൽ പരസ്യം നൽകിയതിന്. |
| 5. | 51700525/25-9-2017 | 5040 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചന്ദ്രിക ദിനപത്രത്തിൽ പരസ്യം നൽകിയതിന്. |
| 6. | 51700788/16-12-2017 | 3360 | ചന്ദ്രിക ദിനപത്രത്തിൽ ലേല നോട്ടീസ് പരസ്യം നൽകിയതിന്. |

| | | | |
|---|---|---|---|
| 7. | 51700791/16-12-2017 | 5040 | പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചന്ദ്രിക ദിനപത്രത്തിൽ പരസ്യം നൽകിയതിന്. |
| | ആകെ | 38916 | |

ജി.ഒ.(ആർ.ടി)1/2011/പി&എ.ആർ.ഡി 4-1-2011 പ്രകാരം പരസ്യങ്ങൾ പി & എ.ആർ.ഡി മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് 5837/-രൂപ ഈയിനത്തിൽ ലഭിക്കേണ്ടതായിരുന്നു. എന്നാൽ ടി ബില്ലുകൾ പ്രകാരം മുഴുവൻ തുകയും അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (11/17-01-2019), മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ഇപ്രകാരം അധികം നൽകിയ തുക സ്ഥാപനത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. 5837/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല-

2017-18 ജി.ഒ (പി) 7/2016 ധനം., തീയതി 20-01-2016 പ്രകാരം അനുവദിച്ചിട്ടുള്ള ശമ്പള പരിഷ്കരണ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള കുടിശ്ശികയുടെ ഒന്നാം ഗഡു ആയ 201207/- രൂപ (ശമ്പളം-146511/-, പലിശ–54696/-) തനതു ഫണ്ടിൽ നിന്നും ബിൽ നം.51700044/7-4-2017 പ്രകാരം പിൻവലിച്ചിട്ടുണ്ട്. ആയതിന്റെ പെൻഷൻ കോൺട്രിബ്യൂഷൻ ആയി 15% 21977/- രൂപ ഒടുക്കേണ്ടതാണെങ്കിലും ആയത് ഒടുക്കിയതായി കാണുന്നില്ല. തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി- 3/16-01-2019) ലഭിച്ച മറുപടിയിൽ, തുക ട്രഷറിയിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ഒടുക്കുവാനുള്ള തുക പ്രസ്തുത അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-7 സാക്ഷരതാ പ്രേരകിന് ഹോണറേറിയം നൽകിയത് റീക്രൂപ്പ് ചെയ്തില്ല -

ബിൽ നം.51700235/07-07-2017/40430/-രൂപ

2017-18 ൽ മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 40430/-രൂപ വാവൂർകുന്ന് തുടർ വിദ്യാകേന്ദ്രത്തിലെ (9-ാം വാർഡ്) സാക്ഷരതാ പ്രേരക് ആയ ലില്ലി സൈമണിന് 2016 നവംബർ മുതൽ 2017 മാർച്ച് വരെയുള്ള ഹോണറേറിയം, ടി.എ എന്നീ ഇനങ്ങളിൽ തനതു ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. എന്നാൽ ടി തുക സാക്ഷരതാ ഗ്രാന്റിനത്തിൽ നിന്നും തൻവർഷം ചെയ്തതായി കാണുന്നില്ല. ആയത് റീക്രൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (30/22-01-2019) ലഭിച്ച മറുപടിയിൽ സാക്ഷരതാ പ്രേരകിന് നൽകിയ തുക തൻവർഷം പഞ്ചായത്തിന് ലഭിച്ചിട്ടുള്ളതാണെന്നും, ആയത് സാക്ഷരതാ അക്കൗണ്ടിൽ നിന്നും റീക്രൂപ്പ് ചെയ്ത് തനതു ഫണ്ടിലേക്ക് മാറ്റുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടി തുക തനതു ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## **3-8** തൊഴിൽ രഹിത വേതന വിതരണ രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ -

ബിൽ നം.51700436/29-08-2017/8400രൂപ

മേൽ രേഖപ്പെടുത്തിയിട്ടുള്ള ബിൽ പ്രകാരം 23 ഗുണഭോക്താക്കൾക്കുള്ള തൊഴിൽ രഹിത വേതന വിതരണം ചെയ്യുന്നതിനായി 8400രൂപ പിൻവലിക്കുകയും 29-08-2017 മുതൽ 31-08-2017 വരെയുള്ള തീയതികളിലായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിതരണ ലിസ്റ്റ്, ഗുണഭോക്താക്കളുടെ വ്യക്തിഗത വിവരണ രജിസ്റ്റർ, അക്വിറ്റൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ ടി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ യാതൊരു തരത്തിലും പൊരുത്തപ്പെടുന്നില്ലായെന്ന് കണ്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താക്കളുടെ പേരും വിലാസവും | വിതരണ ലിസ്റ്റ് പ്രകാരമുള്ള കാലയളവ് | വ്യക്തിഗത വിവരണ രജിസ്റ്റർ പ്രകാരമുള്ള കാലയളവ് | അക്വിറ്റൻസ് രജിസ്റ്റർ പ്രകാരമുള്ള കാലയളവ് |
|---|---|---|---|---|
| 1. | ലിജി.പി.പി, പള്ളിയാൽ പറമ്പിൽ, തിരുനാവായ. | 3/17മുതൽ 7/17 വരെ | 12/16 മുതൽ 3/17 വരെ | 1/17 മുതൽ 4/17വരെ |
| 2. | സുധ.കെ.പി, കല്ലിങ്ങൽ പറമ്പിൽ, കൊടക്കൽ.പി.ഒ. | ടി | ടി | ടി |
| 3. | വിനീഷ്.കെ.പി, കല്ലിങ്ങൽ പറമ്പിൽ, കൊടക്കൽ.പി.ഒ. | ടി | ടി | ടി |

ഇപ്രകാരം അനുബന്ധ രജിസ്റ്ററുകളിൽ യാതൊരു പൊരുത്തവുമില്ലാത്ത രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തിയതിനും, വിതരണ രജിസ്റ്ററുകളിൽ സെക്രട്ടറിയോ, ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തുകയും ചെയ്യാതിരുന്നത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും കൂടി വീഴ്ചയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (5/16-01-2019) ലഭിച്ച മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വേതന വിതരണവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## **3-9** സ്റ്റോക്ക് രജിസ്റ്ററിലെ അപാകതകൾ സംബന്ധിച്ച്-

2017-18 വർഷം സെക്രട്ടറി, അസ്സി.സെക്രട്ടറി തുടങ്ങിയവർ നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും, തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചും വാങ്ങിയതും, സ്ഥാപിച്ചിട്ടുള്ളതും പ്രിന്റ് ചെയ്തതുമായ വിവിധയിനം ഇലക്ട്രിക്/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, ലോമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ, ഫോറങ്ങൾ, രജിസ്റ്ററുകൾ, നോട്ടീസുകൾ തുടങ്ങിയവയുടെ സ്റ്റോക്ക് എൻട്രി വരുത്തുന്നതിൽ നിരവധി അപാകതകൾ ഉണ്ടായിട്ടുണ്ട്. അവയുടെ

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.വാങ്ങുന്ന ഉപകരണങ്ങളുടെയും രജിസ്റ്ററുകളുടെയും, അതുപോലെ വിവിധ ആവശ്യങ്ങൾക്കായി പ്രിന്റ് ചെയ്യുന്ന നോട്ടീസ്, പദ്ധതിരേഖകൾ തുടങ്ങിയവയുടെ എല്ലാം തന്നെ ബില്ലുകളിൽ സ്റ്റോക്ക് എൻട്രി നടത്തുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല (രജിസ്റ്റർ നം, പേജ് നം. തുടങ്ങിയവ).

2.വിവിധ ആവശ്യങ്ങൾക്കായി വാങ്ങുന്ന കംപ്യൂട്ടർ ഉൾപ്പെടെയുള്ള അനുബന്ധ ഉപകരണങ്ങളുടെയും,സ്ഥാപിച്ചിട്ടുള്ള ലോമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളുടെയും ഗ്യാരണ്ടി പീരിയഡ് ഉൾപ്പെടെയുള്ള വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തന്മൂലം ഗ്യാരണ്ടി പീരിയഡിൽ ഉണ്ടാകുന്ന തകരാറുകൾ, ഇവയുടെ ഗ്യാരണ്ടി സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാലും, വാങ്ങിയ കാലയളവിൽ ഉണ്ടായിരുന്ന ജീവനക്കാർ സ്ഥലം മാറിപോകുന്നതുൾപ്പെടെയുള്ള കാരണങ്ങളാലും യഥാസമയം പരിഹരിക്കപ്പെടുന്നതിനുള്ള സാധ്യതകൾ ഇല്ലാതാകുന്നു.

3.സ്റ്റോക്ക് രജിസ്റ്ററിൽ വർഷം തിരിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. ബിൽ വിവരങ്ങളും രേഖപ്പെടുത്താത്തതിനാൽ സ്റ്റോക്ക് എൻട്രി പരിശോധിക്കുന്നത് പ്രയാസകരമാണ്.

4.തൻവർഷം വാങ്ങിയ വിവിധയിനം ഇലക്ട്രിക്/ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, സ്റ്റേഷനറികൾ, പ്രിന്റ് ചെയ്ത വിവിധയിനം ഫോറങ്ങൾ, രജിസ്റ്ററുകൾ, നോട്ടീസുകൾ തുടങ്ങിയവ എല്ലാം തന്നെ ഒരേ രജിസ്റ്ററിലാണ് രേഖപ്പെടുത്തുന്നത്. കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയ ഇലക്ട്രിക്/ഇലക്ട്രോണിക്സ് ഉപകരണങ്ങൾക്ക് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (12/18-01-19) മറുപടി ലഭിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി, സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതാണ്.

## 3-10 ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി- വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷത്തിൽ ഡയറിഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 244/18 പ്രകാരം വികസനഫണ്ടിൽ നിന്നും 240215 രൂപ ചെലവഴിച്ച് (ബിൽ നമ്പർ 1/17-18 തി. 19-3-18) ക്ഷീരകർഷകർക്ക് പാലിന് സബ്ഡിഡി നൽകിയിട്ടുണ്ട്. മൂന്ന് സഹകരണ സംഘങ്ങളിലായി 28 ഗുണഭോക്താക്കൾക്കാണ് സബ്സിഡി ലഭ്യമാക്കിയിട്ടുള്ളത്. മേൽ പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ/ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

1 തിരുനാവായ, എടക്കുളം ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പത്രിക.

2 ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ.

മേൽ സാഹചര്യത്തിൽ 240215 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇതു സംബന്ധിച്ച് നമ്പർ 35/24-1-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം 50000 രൂപ ചെലവഴിച്ചതായി കാണുന്നില്ല. ആയത്

തിരിച്ചടവാക്കേണ്ടതാണ്.

## 3-11 തനതു ഫണ്ട് പരിശോധന -രേഖകൾ ഹാജരാക്കിയില്ല- തടസ്സപ്പെടുത്തിയ തുക – 328983/-

2017-18 വർഷം പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ചെലവുകൾ അതാതിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | ബിൽ നം/തീയതി | തുക | ചെലവ് വിവരം | പരാമർശം |
|---|---|---|---|---|
| 1. | 51700058/ 27-4-2017 | 15000 | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 01-03-2017 ലെ G O (Rt)no.572/17 പ്രകാരം മന്തുരോഗ നിവാരണ പദ്ധതി പ്രകാരം മെഡിക്കൽ ഓഫീസർ പിഎച്ച്സിക്ക് നൽകിയത്. | ടി ഉത്തരവ് പ്രകാരം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിനിയോഗ സാക്ഷ്യപത്രം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2. | 51700092/ 8-5-2017 | 3000 | CC- 39/2015-ാം നമ്പർ കേസ്സ് നടത്തിപ്പിനായി ടി.കെ.മുഹമ്മദ് കുട്ടിക്ക് നൽകിയത്. | കൈപ്പറ്റ് രസീത് ഇല്ല, സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 3. | 51700375/ 07-08-2017 | 50000 | തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23-03-2017 ലെ G.O(Rt)no.836/17 പ്രകാരം തിരൂർ ഗവ.ജില്ലാ ആശുപത്രി പാലിയേറ്റീവ് വിഭാഗത്തിന് ധനസഹായം അനുവദിക്കുന്നതിന് ആശുപത്രി സൂപ്രണ്ടിന് | ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള വിശദമായ വിനിയോഗ രേഖകളും സാക്ഷ്യപത്രവും വാങ്ങി സൂക്ഷിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | | നൽകിയത്. | |
| 4. | 51700383/ 10-8-2017 | 29396 | സംസുൾ ഹുദാ മദ്രസ്സ അംഗനവാടിക്ക സമീപമുള്ള വൈദ്യുതി ലൈൻ മാറ്റുന്നതിന് ഇലക്ട്രിക്കൽ സെക്ഷൻ, തിരുനാവായ ഓഫീസിൽ ഒടുക്കിയത്. | പ്രവർത്തി പൂർത്തീകരണ രേഖകളില്ല. |
| 5. | 51700389/ 10-8-2017 | 96830 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി 17-18ൽ ശുചിത്വമിഷൻ അനുവദിച്ച തുക മെഡിക്കൽ ഓഫീസർ പി എച്ച് സി ക്ക് നൽകിയത്. | വിനിയോഗ രേഖകൾ ഇല്ല. |
| 6. | 51700572/ 06-10-2017 | 11584 | 9-ാം വാർഡിൽ എൽ ടി ത്രീ- ഫേസ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ സെക്ഷൻ, തിരുനാവായ ഓഫീസിൽ ഒടുക്കിയത്. | പ്രവർത്തി പൂർത്തീകരണ രേഖകളില്ല. |
| 7. | 51700573/ 06-10-2017 | 8165 | 17-ാം വാർഡിലെ റെയിൽവെ ഓവർബ്രിഡ്ജിന് സമീപമുള്ള പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ സെക്ഷൻ, തിരുനാവായ ഓഫീസിൽ | പ്രവർത്തി പൂർത്തീകരണ രേഖകളില്ല. |

| | | | | |
|---|---|---|---|---|
| | | | ഒടുക്കിയത്. | |
| 8. | 51700701/ 28-11-2017 | 33098 | 20 -ാം വാർഡിലെ വൈരങ്കോട് രുധിര ക്ഷേത്രം - കുഴിയാൻ പറമ്പ് ഇടവഴി എൽ ടി ത്രീ- ഫേസ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് ഇലക്ട്രിക്കൽ സെക്ഷൻ, തിരുനാവായ ഓഫീസിൽ ഒടുക്കിയത്. | പ്രവർത്തി പൂർത്തീകരണ രേഖകളില്ല. |
| 9. | 51700752/ 13-12-2017 | 29250 | തിരുനാവായ പിഎച്ച്സിക്ക് വേണ്ടി 4/17 മുതൽ 9/17 വരെയുള്ള കാലയളവിൽ വാഹനം ഉപയോഗിച്ചതിന് മെഡിക്കൽ ഓഫീസർ പി എച്ച് സി ക്ക് നൽകിയത്. | വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഇല്ല, തുക ആർക്ക് നൽകിയെന്നില്ല, വാഹനം ഉപയോഗിച്ച തീയതി ഇല്ല, വാടക നൽകിയതിന്റെ മാനദണ്ഡവും വ്യക്തമല്ല. |
| 10. | 51700751/ 13-12-2017 | 9937 | പി എച്ച് സി യുടെ 10/17 ലെ വൈദ്യുത ചാർജ്ജ് നൽകിയത്. | തുക ഒടുക്കിയതിന്റെ രേഖകൾ ഇല്ല. |
| 11. | 51700753/ 13-12-17 | 1549 | പി എച്ച് സി യുടെ 10/17, 11/17 മാസങ്ങളിലെ ടെലഫോൺ ചാർജ്ജ് അടച്ചത്. | തുക ഒടുക്കിയതിന്റെ രേഖകൾ ഇല്ല. |
| 12. | 51700907/ 02-02-18 | 11596 | പി എച്ച് സി യുടെ 12/17 ലെ വൈദ്യുത ചാർജ്ജ് നൽകിയത്. | തുക ഒടുക്കിയതിന്റെ രേഖകൾ ഇല്ല. |

| | | | | |
|---|---|---|---|---|
| 13. | 51700906/ 02-02-18 | 782 | പി എച്ച് സി യുടെ 12/17ലെ ടെലഫോൺ ചാർജ്ജ് അടച്ചത്. | തുക ഒടുക്കിയതിന്റെ രേഖകൾ ഇല്ല. |
| 14. | 51700948/ 07-02-18 | 28796 | പ്രീ മൺസൂൺ ക്യാംപിന് വേണ്ടി മെഡിക്കൽ ഓഫീസർ പി എച്ച് സി ക്ക് നൽകിയത്. | വിനിയോഗ രേഖകളില്ല. |
| | ആകെ | 328983 | | |

മേൽ ചെലവിനാധാരമായ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (10 /17-01-2019) മറുപടി ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ 328983 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു-

2017-18 വർഷം പഞ്ചായത്തിന്റെ വികസന ഫണ്ടും, സംസ്ഥാനാവിഷ്കൃത ഫണ്ടും ഉപയോഗിച്ച് സെക്രട്ടറി നടത്തിയിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ചെലവുകൾക്കാധാരമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബിൽ നം/തീയതി | തുക | ചെലവ് വിവരം | പരാമർശം |
|---|---|---|---|---|
| 1. | 1/17-18 -20/7/17 | 1100000 | SSA വിഹിതം ജില്ലാ പ്രൊജക്ട് ഓഫീസർക്ക് നൽകിയത്. (പ്രൊജക്ട് നം.27/18) | തുകയുടെ വിനിയോഗ രേഖകൾ. |
| 2. | 15/17-18-20/7/17<br>16/17-18-20/7/17 | 97680<br>146243 | പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണം - കെൽട്രോണിന് നൽകിയത്. (പ്രൊജക്ട് നം.248/18) | തുക കൈപ്പറ്റിയതിന്റെ രേഖകൾ സ്റ്റോക്ക് വിതരണ രേഖകൾ. |
| 3. | 26/17-18-21/3/18<br>27/17-18-21/3/18 | 249300<br>50700 | 19-ാം വാർഡിലെ 135-ാം നമ്പർ അംഗൻവാടി നിർമ്മാണത്തിനായി | തുക കൈപ്പറ്റിയതിന്റെ രേഖകൾ, നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ. |

| | | | | |
|---|---|---|---|---|
| | | | MNREGS സ്റ്റേറ്റ് മിഷൻ അക്കൗണ്ടിലേക്ക് നൽകിയത്. (പ്രൊജക്റ്റ് നം.262/18) | |
| 4. | 24/17-18-17/3/18 | 54000 | നെല്ലുല്പാദക ബോണസ് കർഷകർക്ക് വിതരണം ചെയ്യുന്നതിനായി കൃഷി ഓഫീസറുടെ ട്രഷറി ടിഎസ്സ്ബി അക്കൗണ്ടിലേക്ക് നൽകിയത് | തുക കർഷകരുടെ അക്കൗണ്ടിലേക്ക് ഇ-പെയ്മെന്റ് നടത്തിയതിന്റെ യുടിആർ, കർഷകരുടെ അപേക്ഷ, മറ്റ് രേഖകൾ. |
| | ആകെ | 1697923 | | |

മേൽ ചെലവിനാധാരമായ രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (17/18-01-2019) മറുപടി ലഭിച്ചിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 എസ്സ്സി കുട്ടികൾക്ക് ലാപ് ടോപ്പ് - സ്കൂൾ രേഖ ഹാജരാക്കാതെ,വിതരണം നടത്തി -

എസ്സ്.സി കുട്ടികൾക്ക് ലാപ്ടോപ്പ് - സ്കൂൾ രേഖ ഹാജരാക്കാതെ വിതരണം നടത്തി -

ചെലവ് വിവരം - ബിൽ നം.20/17-18/01-01-18, - 448350/-

(പ്രൊജക്ട്- നം.152/18)

2017-18 വർഷം അസ്സി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്സ്.സി കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം എന്ന പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 15 ലാപ്ടോപ്പുകൾ ഒന്നിന് 29890/-രൂപ നിരക്കിൽ വാങ്ങി 15 കുട്ടികൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ കുമാരി അഞ്ജലി.സി.കെ, D/O വേലായുധൻ, ചങ്ങമ്പള്ളി കിഴക്കേതിൽ എന്ന വിദ്യാർത്ഥിയുടെ ഫയലിൽ ടി വിദ്യാർത്ഥി ഏത് സ്ഥാപനത്തിൽ, എന്ത് കോഴ്സിന് പഠിക്കുന്നു എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം സ്കൂളിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. ടി രേഖകൾ ലഭ്യമെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/22-01-2019) ലഭ്യമാക്കിയ മറുപടിയിൽ ടി വിദ്യാർത്ഥിയുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിരുന്നതാണെന്നും, പിന്നീട് എങ്ങനെയോ നഷ്ടപ്പെട്ടതാണെന്നും, ആയത് ലഭിക്കുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നിലവിൽ ടി രേഖകളുടെ അഭാവത്തിൽ 29890/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 എസ്സ്സി യുവാക്കൾക്ക് വിദേശ ജോലി - ധനസഹായം നൽകിയതിലെ അപാകതകൾ -

(പ്രൊജക്ട് നം.എസ്സ്.ഒ.133/18)

ചെലവ് വിവരം - ബിൽ നം.16/17-18/25-10-17, - 50000/-

ബിൽ നം.17/17-18/14-11-17, - 100000/-

ബിൽ നം.21/17-18/18-01-18, - 50000/-

2017-18 വർഷം അസ്സി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്സ്സി യുവാക്കൾക്ക് വിദേശത്ത് തൊഴിലിന് ധനസഹായം എന്ന പദ്ധതി പ്രകാരം 4 യുവാക്കൾക്കായി ആകെ രണ്ട് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വിസിറ്റിംഗ് വിസയിൽ വിദേശത്ത് പോയ ഗുണഭോക്താവിനും ധനസഹായം നൽകിയതായി കണ്ടു. വിവിധ പദ്ധതികൾക്ക് അനുവദനീയമായ സബ്സിഡി നിരക്കുകൾ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പ് 3-4-2017 ൽ പുറത്തിറക്കിയിട്ടുള്ള ജി.ഒ (എം എസ്സ്) 80/17-ാം നമ്പർ ഉത്തരവിലെ ഖണ്ഡിക 11.8 പ്രകാരം വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം, തൊഴിൽ വിസയും, വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം നൽകുവാനാണ് വ്യവസ്ഥയുള്ളത്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവായ ശ്രീ.ഷാജിമോൻ അഴകത്ത് കളത്തിൽ, കൊടക്കൽ എന്നയാൾ ഹാജരാക്കിയിട്ടുള്ള വിസയുടെ കോപ്പിയിൽ "Touist" വിസ എന്നും, ആയതിന്റെ കാലാവധി 2017 ഒക്ടോബർ 18 മുതൽ 2017 ഡിസംബർ 16 വരെ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ നിന്നും, സന്ദർശന വിസയിൽ വിദേശത്തു പോയ ആൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നതെന്ന് വ്യക്തമാണ്.

ഇപ്രകാരം അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (28/22-01-2019) ലഭിച്ച മറുപടിയിൽ ശ്രീ.ഷാജിമോൻ എന്ന ഗുണഭോക്താവ് ടൂറിസം വിസയിൽ പോയി ജോലി ഉറപ്പാക്കിയതിന് ശേഷം തിരികെ വന്ന് വീണ്ടും പോകാനാണ് പദ്ധതി എന്ന് ബോധ്യപ്പെട്ടതിനാലാണ് ആനുകൂല്യം നൽകിയതെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ടി നടപടി സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. ആയതിനാൽ ടി ഗുണഭോക്താവിന് നൽകിയ 50000/-രൂപ ഉത്തരവാദിയായ അസ്സി.സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## **3-15** നിർമ്മലം നിളയോരം-വീടുകൾക്ക് വേസ്റ്റ് ബാഗ് നൽകൽ -മാലിന്യ നിർമ്മാർജന സംവിധാനം പ്രയോജനപ്പെടുത്തേണ്ടതാണ്.

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട് നമ്പർ | 256/18 |
| പ്രോജെക്ടിന്റെ പേര് | നിർമ്മലം നിളയോരം-വീടുകൾക്ക് വേസ്റ്റ് ബാഗ് നൽകൽ സംബന്ധിച്ച് |
| അടങ്കൽ | 400000-വികസനഫണ്ട്<br>400000-ഗുണഭോക്തൃവിഹിതം |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസന സ്റ്റാന്റിംഗ് കമ്മിറ്റി 3/17-10-17 |
| നിർവ്വഹണഉദ്യോഗസ്ഥൻ | വി ഇ ഒ |
| ബിൽ നമ്പർ/തീയതി | 23/17-18 തി.28-3-18 350000 രൂപ |

തിരുനാവായ ഗ്രാമപഞ്ചായത്ത് പ്ലാസ്റ്റിക്ക് വിമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ 10000 വീടുകൾക്ക് ക്യാരിബാഗുകൾ വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഒരു വീടിന് രണ്ട് ബാഗുകളാണ് വിതരണം ചെയ്യുന്നത്. ഹരിതകർമ്മസേന പ്രവർത്തകർ വീടുകളിൽ പോയി മാലിന്യങ്ങൾ ശേഖരിക്കുകയാണ് ചെയ്യുന്നത്.

തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 22-11-17 ലെ 3(5) നമ്പർ തീരുമാന പ്രകാരം സോഷ്യോ ഇക്കണോമിക് ഫോറം മലപ്പുറത്തുനിന്നും 30*24 വലിപ്പത്തിലുള്ള 20000 തുണിസഞ്ചികൾ (ഒന്നിന് 35 രൂപ വീതം) വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ SEUF/MPM /INV/59/18 തി.26-3-18). ആയതിൽ 350000 രൂപ പ്ലാൻ വിഹിതവും 175000 രൂപ ഗുണഭോക്തൃ വിഹിതവുമാണ് നാളിതുവരെ സോഷ്യോ ഇക്കണോമിക് യൂനിറ്റ് ഫൗണ്ടേഷനിൽ അടവാക്കിയിട്ടുള്ളത്. പ്രോജക്ട് ഇപ്പോഴും നിർവ്വഹണഘട്ടത്തിലാണ്.

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 9426 തുണിസഞ്ചികൾ ഇനിയും വിതരണം ചെയ്യാൻ അവശേഷിക്കുന്നതായി കണ്ടു. പദ്ധതി ഇപ്പോഴും പൂർത്തിയായിട്ടില്ല. പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂനിറ്റിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ ആയത് പ്രവർത്തനക്ഷമമല്ല. മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള മെറ്റീരിയൽ കളക്ഷൻ സെന്റർ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതുമൂലം പ്രോജെക്ട് കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിന് പ്രാമുഖ്യം കൊടുത്ത് നടപടികൾ വേഗത്തിലാക്കി ലക്ഷ്യം കൈവരിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 7/17-1-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് മറുപടിയോടൊപ്പം സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടുണ്ട്. സോഷ്യോ ഇക്കണോമിക് ഫൗണ്ടേഷനിൽ നിന്ന് വാങ്ങിയ 20,000 ബാഗുകളുടെ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

## 3-16 നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് - തുക വിനിയോഗിച്ചത് - പുരോഗതി വിവരം ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 88/18 നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കൽ പ്രകാരം വികസന ഫണ്ടിൽ നിന്നും 208400 രൂപ പിൻവലിക്കുകയും (ബിൽ നമ്പർ 28/17-18 തി. 15-3-18) ഒന്നാം ഗഡുവായി ഐ ആർ ടി സി മുണ്ടൂരിന് കൈമാറുകയും ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിനായാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഇതിനായി സർവ്വേ നടത്തുകയും ഡി പി ആർ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മേൽ പ്രോജെക്ടിന്റെ നിർവഹണത്തിന്റെ പുരോഗതി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നമ്പർ 21/22-1-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 3-17 കന്നുകുട്ടി പരിപാലനം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

2017-18 വർഷത്തിൽ വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 5/18 കന്നുകുട്ടി പരിപാലനത്തിനായി വികസന ഫണ്ടിൽ നിന്നും പത്ത് ലക്ഷം രൂപ പിൻവലിക്കുകയും

(ബിൽ നമ്പർ 1/17-18 തി. 10-1-18) ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആയതിൽ 353788.5 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ഹാജരാക്കിയത്. അവശേഷിക്കുന്ന 646211.50 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പ്രോജക്ടിന്റെ നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 6,46,211.50 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-18 തുല്യതാ പഠനം-രേഖകൾ ഹാജരാക്കിയില്ല.

2017-18 വർഷത്തിൽ ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്ടുകളുടെ വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്. തുല്യതാ പഠനത്തിന് ഫീസ് അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറുകയാണ് ചെയ്തിട്ടുള്ളത്.

1

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട് നമ്പർ | 116/18 സ്പിൽ ഓവർ |
| പ്രോജെക്ടിന്റെ പേര് | പ്ലസ് വൺ തുല്യതാപഠനം |
| അടങ്കൽ | 30000 തനത് ഫണ്ട് |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 1/29-5-17 |
| ചെലവ് തുക | 22900 |
| ചെക്ക് നമ്പർ/തീയതി | 21701083/22-2-1 |

പ്ലസ് വൺ തുല്യതാപഠനം രജിസ്ട്രേഷൻ ഫീസായി ആറു പേർക്ക് 2270 രൂപയും നാല് പേർക്ക് 2320 രൂപയും ഉൾപ്പടെ 22900 രൂപ തനത് ഫണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്യുകയും പരീക്ഷ എഴുതുകയും കോഴ്സ് പൂർത്തിയാക്കുകയും ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

2

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട് നമ്പർ | 114/18 സ്പിൽ ഓവർ |
| പ്രോജെക്ടിന്റെ പേര് | എസ് എസ് എൽസി തുല്യതാപഠനം |
| അടങ്കൽ | 30000 തനത് ഫണ്ട് |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 1/29-5-17 |
| ചെലവ് തുക | 29830 |
| ചെക്ക് നമ്പർ / തീയതി | 21701084/22-2-18 |

എസ്എസ് എൽ സി തുല്യതാപഠനം രജിസ്ട്രേഷൻ ഫീസായി 19 പേർക്ക് 1570 രൂപ വീതം 29830 രൂപ തനത്ഫണ്ടിൽ നിന്നും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്യുകയും പരീക്ഷ എഴുതുകയും കോഴ്സ് പൂർത്തിയാക്കുകയും ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

3

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട് നമ്പർ | 63/18 സ്പിൽ ഓവർ |
| പ്രോജെക്ടിന്റെ പേര് | എസ് എസ് എൽസി പ്ലസ് ടു തുല്യതാപഠനം |
| അടങ്കൽ | 60000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 1/29-5-17 |
| ചെലവ് തുക | 48350 |
| ബിൽ നമ്പർ/തീയതി | 10/18 തിയതി 23-3-18 16800 രൂപ<br>13/18 തിയതി 23-3-18 31550 രൂപ |

എസ്എസ് എൽ സി പ്ലസ് ടു തുല്യതാപഠനം രജിസ്ട്രേഷൻ ഫീസായി ബിൽ നമ്പർ 10/18 പ്രകാരം 6 പേർക്ക് 1850 രൂപ വീതവും 3 പേർക്ക് 1900 രൂപ വീതവും, ബിൽ നമ്പർ 13/18 പ്രകാരം 13 പേർക്ക് 2250 രൂപയും ഒരാൾക്ക് 2300 രൂപയും ഉൾപ്പടെ ആകെ 48350 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്യുകയും പരീക്ഷ എഴുതുകയും കോഴ്സ് പൂർത്തിയാക്കുകയും ചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ച് നമ്പർ 8/17-1-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കിയില്ല. ക്രമ നമ്പർ 1, 2, 3 എന്നിവ പ്രകാരമുള്ള 22900 + 29830 + 48350 = 101080 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-19** <u>സർവീസ് ടാക്സ് ഉൾപ്പെടുത്തി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തു - കരാറുകാർ സർവീസ് ടാക്സ് അടവാക്കിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല.</u>

താഴെ കൊടുത്തിട്ടുള്ള കെട്ടിട നിർമ്മാണ/ മെയിന്റനൻസ് പ്രവൃത്തികളിൽ മൊത്തം പ്രവൃത്തി മൂല്യത്തിനോട് കൂടി എസ്റ്റിമേറ്റിലുൾപ്പെടുത്തിയ സേവന നികുതി കൂടി കൂട്ടിയാണ് പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത് കരാറുകാർക്ക് ബിൽ തുക നൽകിയിട്ടുള്ളത്.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആകെ പ്രവൃത്തി യുടെ മൂല്യം | കരാറുകാർക്ക് നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|---|
| 1 | എടക്കുളം ജി.എം.എൽ.പി.എസ്. ക്ലാസ് | ആകെ പ്രവൃത്തി | 400000 | 39/ 15-7-2017 |

| | | | | |
|---|---|---|---|---|
| | ്റൂം നിർമ്മാണം,<br>പ്രൊജക്റ്റ് നമ്പർ- 198/18<br>TS- 400000<br>കരാറുകാരൻ- ശ്രീ. എ. ഹംസ,<br>എഗ്രിമെന്റ് നമ്പർ- 50/AE/ LSGD/TNYA/16-17,dt- 15-3-2017<br>എം. ബുക്ക് - 58/ 16-17 | =377358.49<br>6% സേവന നികുതി =22641.51<br>ആകെ = 400000 ൽ ലിമിറ്റ് ചെയ്തു | (-) VAT-15258<br>(-) IT- 3815<br>(-) WF- 3815<br>= 377112 | 400000 രൂപ. |
| 2 | മുട്ടിക്കാട് അങ്കണവാടി മെയിന്റനൻസ്<br>പ്രൊജക്റ്റ് നമ്പർ- 219/18<br>TS- 100000<br>കരാറുകാരൻ- ശ്രീ. എ. ഹംസ,<br>എഗ്രിമെന്റ് നമ്പർ- 61/AE/ LSGD/TNYA/16-17,dt- 15-3-2017<br>എം. ബുക്ക് - 62/ 16-17 | ആകെ പ്രവൃത്തി =91195<br>10.5 % സേവന നികുതി =9575<br>ആകെ = 100770<br>100000 ൽ ലിമിറ്റ് ചെയ്തു | 100000<br>(-) VAT-3648<br>(-) IT- 912<br>(-) WF- 912<br>= 94528 | 43/ 25-7-2017<br>100000 രൂപ. |
| 3 | 128-ാം നമ്പർ അങ്കണവാടി മെയിന്റനൻസ്<br>പ്രൊജക്റ്റ് നമ്പർ- 220/18<br>TS- 100000<br>കരാറുകാരൻ- ശ്രീ. എ. അബൂബക്കർ,<br>എഗ്രിമെന്റ് നമ്പർ- 41/AE/ LSGD/TNYA/16-17,dt- 13-3-2017<br>എം. ബുക്ക് - 24/ 16-17 | ആകെ പ്രവൃത്തി =83833<br>10.5 % സേവന നികുതി =8802<br>ആകെ = 92635 | 92635<br>(-) VAT- 3353<br>(-) IT- 838<br>(-) WF- 838<br>= 87606 | 34/ 15-7-2017<br>92635 രൂപ. |
| 4 | എടക്കുളം ജി.എം.എൽ.പി.എസ്. അറ്റകുറ്റപ്പണി, | ആകെ പ്രവൃത്തി =21802 | 24091<br>(-) VAT- 872 | 41/ 21-7-2017<br>24091 |

| | | | | |
|---|---|---|---|---|
| | പ്രൊജക്റ്റ് നമ്പർ- 199/18<br>TS- 25000<br>കരാറുകാരൻ- ശ്രീ. എ. ഹംസ,<br>എഗ്രിമെന്റ് നമ്പർ- 82/AE/ LSGD/TNYA/16-17,dt- 31-3-2017<br>എം. ബുക്ക് - 29/ 16-17 | 10.5% സേവന നികുതി =2289<br>ആകെ = 24091 | (-) IT- 218<br>(-) WF- 218<br>= 22783 | രൂപ. |
| 5 | 126-ാം നമ്പർ അങ്കണവാടി ചുറ്റുമതിൽ നിർമ്മാണവും ടാങ്ക് സ്ഥാപിക്കലും<br>പ്രൊജക്റ്റ് നമ്പർ- 228/18<br>TS- 100000<br>കരാറുകാരൻ- ശ്രീ. ഒ.സി. ബഷീർ,<br>എഗ്രിമെന്റ് നമ്പർ- 64/AE/ LSGD/TNYA/16-17,dt- 15-3-2017<br>എം. ബുക്ക് - 52/ 16-17 | ആകെ പ്രവൃത്തി =90470<br>10.5 % സേവന നികുതി =9499<br>ആകെ = 99969 | 99969<br>(-) VAT- 3619<br>(-) IT- 905<br>(-) WF- 905<br>= 94540 | 32/ 15 -7-2017<br>99969 രൂപ |

എന്നാൽ കരാറുകാർ സർവീസ് ടാക്സ് അടവാക്കിയതായി സർവീസ് ടാക്സ് റസിപ്റ്റ് ഹാജരാക്കിയിട്ടില്ല. സർവീസ് ടാക്സ് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതി ഹാജരാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിട്ടും ആയത് ലഭ്യമാക്കിയിട്ടില്ല. സർവീസ് ടാക്സ് അടവാക്കിയതായി സർവീസ് ടാക്സ് റസിപ്റ്റ് ഹാജരാക്കാത്ത സാഹചര്യത്തിൽ സാങ്കേതികാനുമതിയിൽ പരിമിതപ്പെടുത്തിയ തുക കുറവ് ചെയ്ത് സർവീസ് ടാക്സ് ഇനത്തിൽ കൂട്ടി നൽകിയ 52037 രൂപ (22642 + 8805 + 8802 + 2289 + 9499) മേൽ കരാറുകാരിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. ആയതിനാൽ ടി- തുക ഉത്തരവാദിയായ അസി. എഞ്ചിനീയറുടെ ബാദ്ധ്യതയായി ചുമത്തുന്നു.

## 3-20 136-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണം- ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ തനത് ഫണ്ടിൽ നിന്നും 122000 രൂപയും നബാർഡ് ഫണ്ടിൽ നിന്നും 688000 രൂപയും വകയിരുത്തി മൊത്തം അടങ്കൽ- 810000 രൂപ നിശ്ചയിച്ച് അംഗീകാരം വാങ്ങി നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ (പ്രൊജക്റ്റ് നമ്പർ- 212/18) ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ പ്രവൃത്തിക്ക് ഓഡിറ്റ് വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 122000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തിയുമായി

ബന്ധപ്പെട്ട ഫയൽ 18/21-1-2019 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടെങ്കിലും ആയത് പരിശോധനക്ക് ലഭ്യമാക്കിയില്ല. ഫയൽ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ ചെലവ് തുക 122000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-21 സൗത്ത് പല്ലാർ സബ് സെന്റർ നവീകരണം - കരാറുകാരന് അധിക തുക നൽകി.

റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും 50000 രൂപ വകയിരുത്തി നിർവ്വഹിച്ച താഴെ കൊടുത്തിട്ടുള്ള പ്രവൃത്തി 43157 രൂപയ്ക്കാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ ട്രഷറി ബിൽ പ്രകാരം 49646 രൂപ പിൻവലിക്കുകയും കരാറുകാരന് നികുതികൾ കുറച്ച് 48654 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേരും വിശദാംശങ്ങളും | ആകെ പ്രവൃത്തിയുടെ മൂല്യം | കരാറുകാരന് നൽകാവുന്ന തുക | കരാറുകാരന് നൽകിയ തുക | ബിൽ നമ്പർ/ പിൻവലിച്ച തുക |
|---|---|---|---|---|
| സൗത്ത് പല്ലാർ സബ് സെന്റർ നവീകരണം,<br>പ്രൊജക്ട് നമ്പർ- 80/18,<br>TS- 50000 ,<br>കരാറുകാരൻ- ശ്രീ. എ. ഹംസ,<br>എഗ്രിമെന്റ് നമ്പർ- 05/AE/ LSGD/TNYA/17-18,<br>dt-31-8-2017<br>എം. ബുക്ക് - 58/ 17-18 | 43157 | 43157<br>(-) IT- 432<br>(-) WF- 432<br>= 42293 | 49646<br>(-) IT- 496<br>(-) WF- 496<br>=48654 | 3/ 24-3-2018<br>= 49646 |

പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത 43157 രൂപയേക്കാൾ അധികമായി പിൻവലിച്ച 6489 രൂപ തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്. 6489/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(ഇത് സംബന്ധിച്ച് നൽകിയ 20/21-1-2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-22 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത് നിർവ്വഹണം- നികുതി

## തുകകൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തത് മൂലം കൺവീനർക്ക് അധിക തുക നൽകി.

2014- DSR പ്രകാരം 36.19% cost Index ഉൾപ്പെടുത്തി തയ്യാറാക്കിയ വാവൂർകുന്ന് എസ്.സി. കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 7.5% ഓവർ ഹെഡ് ചാർജ് ഉൾപ്പെടുത്തിയാണ്. ആയതിനാൽ ആകെ പ്രവൃത്തി മൂല്യത്തിനോട് കൂടി വീണ്ടും നികുതികൾ കൂട്ടി പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്യേണ്ടതില്ല. എന്നാൽ ടി- പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തപ്പോൾ 6% നികുതി തുക കൂടി കൂട്ടി മൂല്യ നിർണ്ണയം ചെയ്തതിനാൽ താഴെ കൊടുത്തിട്ടുള്ള വിധം അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേരും വിശദാംശങ്ങളും | പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്ത തുക | കൺവീനർക്ക് നൽകിയ തുക | അധികം |
|---|---|---|---|
| വാവൂർകുന്ന് എസ്.സി. കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം<br>പ്രൊജക്ട് നമ്പർ- 204/18<br>കൺവീനർ- ശ്രീ. കെ.പി. അനിൽ കുമാർ,<br>TS-100000<br>എഗ്രിമെന്റ് നമ്പർ 1/AE/LSGD /TNYA/16-17,<br>തി- 23-6-2016<br>എം. ബുക്ക്. നമ്പർ-119/15-16<br>ബിൽ നമ്പർ- 38/ 15-7-2017, 97,235 രൂപ | ആകെ പ്രവൃത്തി മൂല്യം= 91731<br>(+) 6%= 5504<br>= 97235 | 97235<br>(-) VAT- 4862-<br>IT- 1945<br>WF- 972<br>= 89456 | 5504 |

കൂടാതെ മേൽ പ്രവൃത്തി മൂല്യ നിർണ്ണയം ചെയ്തതിൽ പഴയ മോട്ടോർ റിപ്പയർ ചെയ്യുന്നതിനായി 5000 രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്. മോട്ടോർ റിപ്പയർ നടത്തിയതായി അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. റിപ്പയർ നടത്തിയ മോട്ടോർ ഗുണഭോക്തൃ സമിതി ഗ്രാമ പഞ്ചായത്തിനെ തിരിച്ചേൽപിച്ചതായോ പുനരുപയോഗത്തിന് വേണ്ടി ഗുണഭോക്തൃ സമിതി സൂക്ഷിച്ചതായോ രേഖകളില്ല. മാത്രമല്ല സ്ഥല പരിശോധനാ വേളയിൽ പ്രസ്തുത മോട്ടോർ നാളിതുവരെ റിപ്പയർ ചെയ്തിട്ടില്ലെന്ന് വാർഡ് മെമ്പർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ക്രമവിരുദ്ധമായി ചെലവ് ചെയ്ത 10504 (5000 + 5504) രൂപ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-23 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് - മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കുന്നില്ല

2017-18 വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്തതിൽ ഇ- ടെണ്ടർ അല്ലാത്ത ടെണ്ടറുകളിൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന് ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുകയുണ്ടായി. ടെണ്ടർ ചെയ്ത 87 പ്രവൃത്തികളിൽ 84 പ്രവൃത്തികളിലും രണ്ടോ അതിൽ കുറവോ ടെണ്ടറുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 80 പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടർ നൽകിയിട്ടുള്ളത്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ടെണ്ടർ തീയ്യതി | ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | | | ലഭിച്ച ക്വാട്ടുകളുടെ വിവരം | | |
|---|---|---|---|---|---|---|---|
| | | 1 എണ്ണം | 2 എണ്ണം | 2 ൽ അധികം | എസ്റ്റിമേറ്റ് നിരക്കിൽ കുറവ് | എസ്റ്റിമേറ്റ് നിരക്കിൽ | എസ്റ്റിമേറ്റ് നിരക്കിൽ അധികം |
| 22-8-2017 | 35 | ഇല്ല | 35 | ഇല്ല | എല്ലാം എസ്റ്റിമേറ്റ് നിരക്കിൽ | | |
| 7-12-2017 | 17 | 1 | 16 | ഇല്ല | എല്ലാം എസ്റ്റിമേറ്റ് നിരക്കിൽ | | |
| 5-3-2018 | 28 | 3 | 22 | 3 | ,, | 10 പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിലും 7 പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ കുറവിലും | |
| 13-3-2018 | 7 | 7 | ഇല്ല | ഇല്ല | ,, | എല്ലാം എസ്റ്റിമേറ്റ് നിരക്കില | |

രണ്ട് പേർ മാത്രം പങ്കെടുക്കുന്ന ടെണ്ടറിൽ ഒരു പ്രവൃത്തിയിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ മറ്റെയാൾ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കുന്നു. അല്ലെങ്കിൽ ഒരു ടെണ്ടറിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും മറ്റേത് .05% അല്ലെങ്കിൽ .01% കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ തമ്മിൽ മുൻ ധാരണയോടെ ടെണ്ടറിൽ പങ്കെടുക്കുന്നതുമൂലമാണ് ലഭിക്കുന്ന ടെണ്ടറുകളെല്ലാം തന്നെ ഒരേ നിരക്കിൽ രേഖപ്പെടുത്തലുകൾ ഉണ്ടാവുന്നതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ പ്രവണത പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. ടെണ്ടറിംഗിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കാതിരിക്കുന്നത് ഗ്രാമ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമാണ്. മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതിന് വികസന/ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റികൾ സമയോചിത ഇടപെടൽ നടത്തുന്നില്ല.

ടെണ്ടറിൽ മത്സരം ഉറപ്പു വരുത്താനും അതുവഴി ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യ സംരക്ഷണത്തിനും സ്റ്റാറ്റ്യൂട്ടറി കമ്മിറ്റികൾ ക്രിയാത്മകമായ ഇടപെടൽ നടത്താതിരിക്കുന്നതിന്

വിശദീകരണം നൽകേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ 23 /22-1-2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല ).

## 3-24 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം- പൊതു അപാകതകൾ

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം പരിശോധിച്ചതിൽ 163 പ്രൊജക്ടുകളായിരുന്ന തൻവർഷത്തേക്ക് അംഗീകാരം വാങ്ങിയിരുന്നത്. അംഗീകരിച്ച പ്രൊജക്ടുകളിൽ 100 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. (61% മാത്രം).

വിശദ വിവരം ചുവടെ കൊടുക്കുന്നു

| | പുതിയ പ്രൊജക്ടുകൾ | സ്പിൽഓവർ പ്രൊജക്ടുകൾ | ആകെ പ്രൊജക്ടുകൾ |
|---|---|---|---|
| അംഗീകരിച്ച പ്രൊജക്ടുൾ | 86 | 77 | 163 |
| നടപ്പാക്കിയവ | 39 | 61 | 100 |
| നടപ്പാക്കാത്തവ | 47 | 16 | 63 |

പ്രൊജക്ട് നിർവ്വഹണം പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയ 16 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

2. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല.

പ്രൊജക്ട് നിർവ്വഹണം ആദ്യാവസാനം വരെ വിഭാവനം ചെയ്ത തരത്തിൽ തന്നെയാണ് നടക്കുന്നതെന്ന് പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ പരിശോധന നടത്തി വിലയിരുത്തുകയും പദ്ധതികളുടെ ഫലപ്രാപ്തി ഉറപ്പാക്കുകയും ചെയ്യേണ്ടത് മോണിറ്ററിംഗ് കമ്മിറ്റികളുടെ ചുമതലയാണ്. പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട ഓരോ പ്രൊജക്ടുകളും പ്രത്യേകം മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതുണ്ട്. എന്നാൽ മരാമത്ത് പ്രവർത്തികളുടെ മോണിറ്ററിംഗ് ഇപ്രകാരം നടത്തി റിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. നിർവ്വഹണോദ്യോഗസ്ഥൻ പ്രൊജക്ട് പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും ഉൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ പൂർത്തീകരണ പത്രം തയ്യാറാക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

4. റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ ഏറ്റെടുക്കുന്നു.

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ആസ്തി രജിസ്റ്ററിന്റെ അപ്ഡേറ്റിംഗ് നടക്കാത്ത സാഹചര്യത്തിൽ ഇത്തരം നിർദ്ദേശങ്ങൾ പ്രയോഗതലത്തിൽ വരുത്താനായില്ല.

തദ്ദേശ ഭരണ സ്ഥാപനങ്ങൾ അവയുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ ഹൈവേയോടും മേജർ ജില്ലാ റോഡുകളുമായും ബന്ധിപ്പിക്കുന്നതും ഏറ്റവും ചെറിയ ജനവാസ കേന്ദ്രങ്ങളിൽ വരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ (ശൃംഖല) തയ്യാറാക്കാൻ പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്റ്റിവിറ്റി മാപ്പിൽ പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ കണക്റ്റിവിറ്റി പ്ലാനിൽ നിലവിലുള്ള റോഡുകളുടെ വിപുലീകരണവും അറ്റകുറ്റപണിയും പുതിയ റോഡുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള ഘടകവും ഉൾക്കൊള്ളിക്കേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കിയ മാസ്റ്റർ പ്ലാനിനെ ആധാരമാക്കി മുൻഗണനാക്രമം നിശ്ചയിച്ച് വേണം തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. എന്നാൽ സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശമുണ്ടായിട്ടും ഗ്രാമ പഞ്ചായത്ത് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല. കണക്റ്റിവിറ്റി പ്ലാനിന്റെ അഭാവത്തിൽ ഗ്രാമ പഞ്ചായത്തിൽ റോഡ് പ്രവൃത്തികളുടെ മുൻഗണനാക്രമം നിശ്ചയിച്ചിരുന്നത് എന്തടിസ്ഥാനത്തിലായിരുന്നു എന്ന് വ്യക്തമല്ല. എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശ ഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

5 . കരാറുകാർ ജി.എസ്.ടി.റജിസ്ട്രേഷൻ എടുത്തതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

6 . മരാമത്ത് ഫയലുകൾ വളരെ അലക്ഷ്യമായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്. ബില്ലിലും എം.ബുക്കിലും മെമ്മോ ഓഫ് പെയ്മെന്റ് പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല. ട്രഷറി ബില്ലിന്റെ പകർപ്പ്, കരാറുകാറുടെ ബിൽ തുക, ക്ഷേമ നിധി വിഹിതം എന്നിവ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തതിന്റെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-25 സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു

നിർവഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

താഴെ പറയുന്ന രണ്ട് കോൺക്രീറ്റിംഗ് പ്രവൃത്തികൾ 23-1-2019 ന് ഗ്രാമ പഞ്ചായത്ത് ഓവർസിയർ, ശ്രീ.മുഹമ്മദ് ഷാഫി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് നേരിൽ

പരിശോധിച്ചതിൽ ഒരു പ്രവൃത്തിയിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത് സൈഡ് ഷട്ടറിംഗ് ചെയ്യാതെയും രണ്ടാമത്തെ പ്രവൃത്തിയിൽ ഭാഗികമായി ചെയ്തവയാണെന്നും ബോധ്യപ്പെട്ടു. DSR-2016, കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് അനുവദിക്കേണ്ടത്. അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

DATA without Side Shuttering

| | | | | |
|---|---|---|---|---|
| Stone 40mm | Cum | 0.52000 | 1050 | 546 |
| Stone 20mm | Cum | 0.22000 | 1175 | 258 |
| Stone 10mm | Cum | 0.11000 | 1175 | 129.25 |
| Carriage-Stone 40mm | Cum | 0.52000 | 115.75 | 60.19 |
| Carriage-Stone below 40mm | Cum | 0.33000 | 106.49 | 35.14 |
| Coarse sand | Cum | 0.44500 | 1200 | 534 |
| Carriage-Stone below 40mm | Cum | 0.44500 | 106.49 | 47.39 |
| Portland Cement | Tonne | 0.32000 | 6300 | 2016 |
| Carriage-cement | Tonne | 0.32000 | 94.65 | 30.29 |
| Labour | | | | |
| Mason(Average) | Day | 0.10000 | 417 | 41.70 |
| Beldar | Day | 1.63000 | 329 | 536.27 |
| Bhisti | Day | 0.70000 | 363 | 254.10 |
| Hire charge-concrete mixer | Day | 0.07700 | 800 | 61.60 |
| Vibrator | Day | 0.07000 | 350 | 24.50 |
| Sundries | L.S | 1.43000 | 1.78 | 2.55 |
| | | | Water charge 1% | 45.77 |
| | | | | 4623.25 |
| | | | Add CPOH 15% | 693.48 |
| | | | | 5316.73 |
| | | | Add Cost Index 40.2% | 7454.05/m3 (Contract Work) |

അധിക നിരക്ക് അനുവദിച്ച പ്രവൃത്തികളുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത അളവിന് | കരാറുകാരന് അധികം അനുവദിച്ച |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | അളവിന് അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | തുക |
| പന്നിക്കുഴി പാലപ്പറമ്പ് റോഡ് പുനരുദ്ധാരണം<br>(SO58/18)<br>എം. ബുക്ക് -<br>2/17-18<br>മൂല്യനിർണ്ണയം - 386072<br>ബിൽ - 71/ 12-2-2018<br>കരാറുകാരൻ- ശ്രീ.എ.പി. അബൂബക്കർ.<br>Cost Index-40.2% | 46.211 m3 x7716.33/m3 = 356579 രൂപ (length-101.5 m) | 23.11 m3 x7716.33/m3 =<br>178324 രൂപ<br>(101.5 മീറ്റർ റോഡിൽ ഒരു സൈഡിൽ മാത്രമാണ് ഷട്ടറിംഗ് ആവശ്യമായി വന്നിട്ടുള്ളത്.) | 23.11m3x 7454.05/m3 = 172263 രൂപ | 6061 രൂപ |
| ടി.എം. ബാവ റോഡ് പുനരുദ്ധാരണം<br>(SO69/18)<br>എം. ബുക്ക് -<br>1/17-18<br>മൂല്യനിർണ്ണയം - 365741<br>ബിൽ നമ്പർ- 67/12-2-2018<br>കരാറുകാരൻ-ശ്രീ. എ. ഹംസ. | 46.459m3 x7716.33/m3 = 358492.97 രൂപ<br>( length- 100m ) | 46.459m3 x7716.33/m3 = 358492.97 രൂപ<br>(റോഡിന്റെ ഇരുവശവും മതിലുകളുള്ള തിനാൽ ഷട്ടറിംഗ് നടത്തിയിട്ടില്ല.) | 46.459m3x 7454.05/m3 = 346308 രൂപ | 12185 രൂപ |

| | | | | |
|---|---|---|---|---|
| Cost Index-40.2% | | | | |

ആകെ അധികം നൽകിയത് = 18246 രൂപ

ഷട്ടറിംഗ് ചെയ്യാതെ അധിക നിരക്ക് അനുവദിച്ചതിന് ന്യായീകരണമില്ല. അധികം നൽകിയ 18246 രൂപ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 33/24-1-2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-26 അഴകത്ത് കുളം കുടിവെള്ള പ്രദേശത്ത് സ്റ്റെപ്പ് നിർമ്മാണം- അപാകതകൾ

തിരുനാവായ ഗ്രാമ പഞ്ചായത്തിലെ 9-ാം വാർഡിൽ അഴകത്ത് കുളം കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസിന് സമീപത്തായി ഭാരതപ്പുഴയിലേക്ക് ഇറങ്ങാൻ സ്റ്റെപ്പ് നിർമ്മിക്കുന്ന പ്രൊജക്ട് 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട് (പ്രൊജക്ട് നമ്പർ- 238/18). തനത് ഫണ്ടിൽ നിന്നും 400000 രൂപ വകയിരുത്തിയ മേൽ പ്രവൃത്തി 399866 രൂപയ്ക്ക് മൂല്യനിർണ്ണയം ചെയ്തിട്ടുണ്ട്. കരിങ്കൽ കെട്ടും സിമന്റ് കോൺക്രീറ്റിംഗും ഉൾപ്പെട്ട മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഭരണ സമിതിയുടെ 24-6-2017 ലെ 2-ാം നമ്പർ തീരുമാന പ്രകാരം റിവൈസ് ചെയ്യുകയും സ്റ്റെയിൻലസ് സ്റ്റീൽ ഹാൻഡ് റെയിൽ സ്ഥാപിക്കൽ എക്സ്ട്രാ ഇനമായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിന്റെയും 23-1-2019 ന് സ്ഥലം നേരിൽ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ താഴെ കൊടുത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1. സ്റ്റെപ്പിന്റെ ഇരുവശങ്ങളിലൂടെയും മധ്യത്തിലൂടെയുമായി പുഴയുടെ നിരപ്പ് വരെയും stainless steel കൊണ്ടുള്ള hand rail സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകളോ കുട്ടികളോ സ്ഥിരമായി ഉപയോഗപ്പെടുത്തുന്നതോ വളരെ തിരക്ക് അനുഭവപ്പെടുന്ന കടവ് അല്ലാത്തതിനാലും റിവർ സൈഡ് walk way നിർമ്മിച്ച് വിനോദത്തിന് വേണ്ടിയുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാലും പൊതുജനങ്ങൾ കുളിക്കുന്നതിനും ജലമെടുക്കുന്നതിനും മാത്രം ഉപയോഗപ്പെടുത്തുന്ന പ്രസ്തുത സ്റ്റെപ്പുകളിൽ സ്റ്റീൽ ഹാൻഡ് റെയിൽ സ്ഥാപിക്കേണ്ട ആവശ്യകതയുള്ളതായി ബോധ്യപ്പെടുന്നില്ല. ഹാൻഡ് റെയിൽ സ്ഥാപിക്കുന്നതിന് വേണ്ടി മാത്രം 1,15,073 രൂപ ചെലവ് വന്നിട്ടുണ്ട്. മാത്രമല്ല പുഴയോട് ചേർന്നുള്ള വലതു വശത്തെ 7.4 മീറ്ററിലുള്ള ഹാൻഡ് റെയിലും ഇടതു വശത്തുള്ള 6.6 മീറ്റർ വരുന്ന ഹാൻഡ് റെയിലും പൊളിഞ്ഞു പോയതായി സ്ഥല പരിശോധനയിൽ കാണപ്പെട്ടു. പ്രവൃത്തിയുടെ നിലവാരക്കുറവ് മൂലമാണോ അല്ലായെങ്കിൽ സാമൂഹ്യ വിരുദ്ധർ നശിപ്പിച്ചതാണോ എന്നത് വ്യക്തമല്ല. ഇത്തരത്തിൽ വില കൂടിയ ഹാൻഡ് റെയിൽ കുളിക്കടവിൽ സ്ഥാപിച്ചത് അനുയോജ്യമല്ല എന്ന് വിലയിരുത്തുന്നു.

2. പ്രവൃത്തി 399866 രൂപയ്ക്ക് മൂല്യ നിർണ്ണയം ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ടാക്സുകൾ കുറവ് ചെയ്തതിന്റെയോ കരാറുകാരന് തുക നൽകിയതിന്റയോ വിവരം ലഭ്യമല്ല. ചെക്ക് നമ്പർ- 2063026/26-9-2017 പ്രകാരം തനത് ഫണ്ടിൽ നിന്നും 347883 രൂപ അസി.എഞ്ചിനീയർക്ക് നൽകിയതായി മാത്രം ഫയലിൽ കാണുന്നു.

3. മേൽ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ പുഴ മണൽ ഉപയോഗിച്ചതായി വിവരാവകാശ നിയമ പ്രകാരമുള്ള പരാതി ലഭിച്ചതിന്റെയടിസ്ഥാനത്തിൽ പ്രവൃത്തിക്ക് ഉപയോഗിച്ച മണലിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കരാറുകാരനായ ശ്രീ. പി.സൈതാലിയിൽ നിന്നും ഈടാക്കുന്നതിന് ഡാറ്റാ പ്രകാരമുള്ള മണലിന്റെ അളവ് കണക്കാക്കി നൽകുന്നതിന് ശ്രീ. അബൂബക്കർ, ഓവർസിയറെ ചുമതലപ്പെടുത്തിയതായി അസി.എഞ്ചിനീയർ 23-11-2017 ന് ഫയലിൽ കുറിച്ചിട്ടുണ്ട്. എന്നാൽ മണലിന്റെ അളവ് കണക്കാക്കി എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കിയതിന്റെ വിവരം ലഭ്യമല്ല.

4. ഹാൻഡ് റെയിൽ പൊളിഞ്ഞു പോയതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണമോ പരിശോധനയോ നടന്നതായി ഫയലിൽ വിവരം ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 399896 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഇത് സംബന്ധിച്ച് നൽകിയ 34/24-1-2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-27 ഹോണറേറിയം - മാർഗ്ഗരേഖാ വിരുദ്ധമായി ചെലവ് ചെയ്തു

പ്രോജക്ട് : 250/17-18, സാന്ത്വനം-മെന്റൽ ഹെൽത്ത് കെയർ പ്രോഗ്രാം

ചെലവ് വിവരം :

ബിൽ നം: 04/17-18 തി.23.11.17 തുക : 56,000/- (വികസന ഫണ്ട്)

[ഏപ്രിൽ2017 മുതൽ ഒക്ടോബർ2017 വരെ 7മാസം 8000/- വീതം]

ബിൽ നം: 13/17-18 തി.22.03.18 തുക : 32,000/- (വികസന ഫണ്ട്)

[നവമ്പർ 2017 മുതൽ ഫെബ്രുവരി2018 വരെ 4മാസം 8000/- വീതം]

ബിൽ നം: 17/17-18 തി.27.03.18 തുക : 49,622/- (വികസന ഫണ്ട്)

[മാർച്ച് 2018 – 8000/-]

നിർവ്വഹണം – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

(8000/-ഹോണറേറിയം, + 30,000 (ഗൃഹ സന്ദർശനം (6.4.17 –5.3.18) + ഭക്ഷണം -4000 + രജിസ്റ്റർ 1700 + ജനറേറ്റർ 4000 + വാഹന വാടക 2100)

മാനസിക രോഗികളായിരുന്നവരെ സാധാരണ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ സഹായിക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രോജക്ടിൽ കൺസൾട്ടിംഗും കൗൺസലിംഗും നടത്തിയതിന് 96,000/-രൂപ ഡോ.ടി.മനോജ് കുമാർ, സൈക്യാസ്റ്റി

കൺസൾട്ടന്റിന് ഹോണറേറിയം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (03.04.2017ലെ ജി.ഒ. (എം.എസ്) നം.80/ 2017/ത.സ്വ.ഭ.വ.) ഖണ്ഡിക.12.2 പ്രകാരം ശമ്പളം, ഹോണറേറിയം എന്നിവ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക പ്രകാരം ഇളവ് നൽകിയ 10 ഇനങ്ങളിൽ മാനസിക രോഗികളായിരുന്നവർക്ക് വേണ്ടി വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന കൺസൾട്ടിംഗും കൗൺസലിംഗും നടത്തുന്നതിന് വേണ്ടി ഡോക്ടർക്ക് ഹോണറേറിയം നൽകുന്നത് ഉൾപ്പെടുന്നില്ല.

പ്രസ്തുത പദ്ധതിക്ക് പ്രത്യേക സർക്കാർ അനുമതി ലഭിച്ച രേഖയോ നൂതന പ്രോജക്ടായി അംഗീകാരം ലഭിച്ച രേഖയോ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.26 /22.01.2019)ക്ക് ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ അനുമതി / നൂതന പ്രോജക്ട് അംഗീകാരം ലഭിച്ച രേഖകൾ ലഭ്യമാക്കുന്നതു വരെ 96000/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-28 പരിരക്ഷ പദ്ധതിയിൽ മറ്റൊരു പദ്ധതി കൂട്ടി ചേർത്ത് ചെലവ് ചെയ്തു

പരിരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി മാനസിക രോഗത്തിൽ നിന്നും മുക്തി നേടിയ ഗുണഭോക്താക്കൾക്ക് കൗൺസലിംഗും തൊഴിൽ പരിശീലനവും നടത്തുന്നതിന് SO 089/16-17 നമ്പർ പദ്ധതിയുടെ ചുവട് പിടിച്ച് 17-18 വർഷം ചെലവ് നടത്തുന്നതിന് പരിരക്ഷ പദ്ധതി ഉപയോഗപ്പെടുത്തിയതായി കാണുന്നു. പ്രസ്തുത ലക്ഷ്യവുമായി 250/17-18, സാന്ത്വനം-മെന്റൽ ഹെൽത്ത് കെയർ പ്രോഗ്രാം എന്ന ഒരു പ്രോജക്ട് ആവിഷ്കരിച്ച് സൈക്യാസ്ട്രി ഡോക്ടർക്ക് ഹോണറേറിയം നൽകിയിട്ടുമുണ്ട്.

വ്യത്യസ്ത പദ്ധതികൾ ഒരുമിച്ച് നടത്തിയത് ക്രമപ്രകാരമുള്ള നടപടിയല്ല. പ്രസ്തുത രീതിയിൽ പ്രോജക്ട് നടപ്പിലാക്കിയത് പരിരക്ഷ പദ്ധതി സംബന്ധിച്ച മാർഗ്ഗ രേഖയുടെയും ലംഘനമാണ്. പകൽ വീട് എന്ന പേരിലുള്ള സമാന്തര പ്രോജക്ടിൽ നടപ്പിലാക്കിയ ഭക്ഷണം, യാത്രാ അലവൻസ് നൽകൽ, എന്നിങ്ങനെ നടത്തിയ ചെലവുകളടങ്ങിയ പ്രവർത്തനങ്ങൾ സബ്സിഡി മാർഗ്ഗ രേഖയുമായി താദാത്മ്യം പുലർത്തുന്നതുമല്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ/ ചെക്ക് നം.& തീയതി | തുക | പരിരക്ഷ ചെലവ് | പകൽ വീട് ചെലവ് | റിമാർക്സ് |
|---|---|---|---|---|---|
| 131/17-18 പരിരക്ഷ | 2063013/ 25.8.17 | 64,055/- (തനത് ഫണ്ട്) | 40,000 | 24,055 | അന്തേവാസികൾക്ക് ഭക്ഷണം നൽകിയതാണ് പകൽ വീട് ചെലവ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | 2063031/ 20.10.17 | 1,17,025/- (തനത് ഫണ്ട്) | 62,150 | 54,875 | പകൽ വീട് ചെലവ് | |
| | | | | | ഹോണറേറിയം | 9,600 |
| | | | | | ഫോൺ അലവൻസ് | 600 |
| | | | | | ഭക്ഷണം | 11,875 |
| | | | | | അന്തേവാസികൾക്ക് യാത്രാ അലവൻസ് | 32,800 |
| | 01/24.8.17 | 93,435/- (പ്ലാൻ ഫണ്ട്) | 68750 | 24,685 | പകൽ വീട് ചെലവ് | |
| | | | | | ഹോണറേറിയം | 20,000 (4മാസം) |
| | | | | | ഫോൺ അലവൻസ് | 1200 |
| | | | | | സ്റ്റേഷനറി | 3485 |
| 01/17-18 പരിരക്ഷ | 6006493/ 26.3.18 | 50,000/- (ബ്ലോ.പ.വിഹിതം) | 34,005 | 15,995 | പകൽ വീട് ചെലവ് | |
| | | | | | ഹോണറേറിയം | 4,800 |
| | | | | | ഫോൺ അലവൻസ് | 300 |
| | | | | | ഭക്ഷണം | 5,795 |
| | | | | | അന്തേവാസികൾക്ക് | 4,200 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | യാത്രാ അലവൻസ് | |
| | | | | | സ്ക്രീനിംഗ് വാഹന വാടക | 900 |
| | 3/17-18/ 23.11.17 | 46,200/- (പ്ലാൻ ഫണ്ട്) | 26,550 | 19,650 | പകൽ വീട് ചെലവ് | |
| | | | | | ഹോണറേറിയം | 4,400 |
| | | | | | ഫോൺ അലവൻസ് | 300 |
| | | | | | അന്തേവാസികൾക്ക് യാത്രാ അലവൻസ് | 14,950 |
| | 05/17-18 21.2.18 | 1,97,015/- (പ്ലാൻ ഫണ്ട്) | 1,32,050 | 64,965 | പകൽ വീട് ചെലവ് | |
| | | | | | ഹോണറേറിയം | 16,000 |
| | | | | | ഫോൺ അലവൻസ് | 900 |
| | | | | | അന്തേവാസികൾക്ക് ഭക്ഷണം | 33,260 |
| | | | | | രജിസ്റ്ററുകൾ etc | 14,805 |
| | 12/17-18 | 53,960/- | 32,960 | 21,000 | പകൽ വീട് ചെലവ് | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഹോണറേറിയം | 4,400 |
| | | | | | ഫോൺ അലവൻസ് | 300 |
| | | | | | അന്തേവാസികൾക്ക് ഭക്ഷണം | 5,205 |
| | 22.3.18 | (പ്ലാൻ ഫണ്ട്) | | | സ്റ്റേഷനറി | 2,605 |
| | | | | | അന്തേവാസികൾക്ക് യാത്രാ അലവൻസ് | 5,550 |
| | | | | | വാഹന വാടക | 2,940 |
| | 14/17-18, 22.3.18 | 50,838/- (പ്ലാൻ ഫണ്ട്) | 47854 | 2,984 | പകൽ വീട് ചെലവ് | |
| | | | | | സ്റ്റേഷനറി | 2,984 |
| ആകെ | | | | 2,28,209 | | |

പ്രസ്തുത പദ്ധതിക്ക് പ്രത്യേക സർക്കാർ അനുമതി ലഭിച്ച വിവരം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അനുമതി ലഭ്യമാകാതെ പ്രോജക്ട് നടപ്പിലാക്കിയതാണെങ്കിൽ മാർഗ്ഗരേഖാ വ്യതിചലനം നടത്തിയത്, പരിരക്ഷാ പദ്ധതിയുടെ കൂടെ പകൽ വീട് പദ്ധതി നടപ്പാക്കിയത് എന്നിവ സംബന്ധിച്ച് വിശദീകരണവും ലഭ്യമാക്കേണ്ടതിന് 27 /22.01.2019 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ രണ്ട് സാന്ത്വന പരിപാടികളായതിനാലാണ് ഒരുമിച്ച് നടത്തിയതെന്നും, ശരിയല്ലെന്ന് ബോധ്യപ്പെട്ടതിനാൽ 2018-19 മുതൽ പ്രത്യേകം ചെയ്യുന്നതിന് ശ്രദ്ധിക്കുന്നുണ്ടെന്നും അറിയിച്ചു. പ്രത്യേക സർക്കാർ അനുമതി ലഭിച്ച വിവരം ലഭ്യമാക്കിയിട്ടില്ല. അനുമതിപത്രം ലഭ്യമാക്കുന്നതു വരെ യഥാർത്ഥ പരിരക്ഷ പദ്ധതിയിൽ ഉൾപ്പെടാത്ത 2,28,209/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-29 പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ - അധികം തുക നൽകി

24.1.2017ലെ സ.ഉ.(സാധാ)നം.203/2017/ത.സ്വ.ഭ.വ., 08.03.2018ലെ സ.ഉ.(സാധാ) നം.647/2018/ത.സ്വ.ഭ.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് ഗ്രാമ പഞ്ചായത്തിന് (തനത് ഫണ്ടിൽ നിന്ന് മാത്രം) നൽകാവുന്ന പരമാവധി തുക 10,000/- രൂപയാണ്. എന്നാൽ ഫണ്ടിനം, പരമാവധി തുക എന്നിവയിലെ സർക്കാർ നിർദ്ദേശം ലംഘിക്കപ്പെട്ടതായി കാണുന്നു.

വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ/ചെക്ക് വിവരം | തുക | റിമാർക്സ് |
|---|---|---|---|
| 02/17-18 ശിശു ആരോഗ്യ സുരക്ഷ | 11/17-18 26.2.18 | 36,750/- (CFCഗ്രാന്റ്) | പൾസ് പോളിയോ വാക്സിൻ കൊണ്ടുവരാൻ മലപ്പുറം, വെട്ടം എന്നിവിടങ്ങളിലും ആരോഗ്യ പ്രവർത്തകരെ വിവിധ സ്ഥലങ്ങളിൽ കൊണ്ടു പോകുന്നതിനും വരുന്നതിനും KL10D3321 നമ്പർ വാഹനത്തിന്റെ ഡ്രൈവർ ശ്രീ.പി.മൊയ്തീൻ കൈപ്പറ്റിയ തുക |
| 32/17-18 ദേശീയ ആരോഗ്യ പരിപാടിയെ ശക്തിപ്പെടുത്തൽ | 2535409/27.3.18 | 17,254/- (തനത് ഫണ്ട്) | പൾസ് പോളിയോ പരിപാടിയുടെ ഭാഗമായി സ്റ്റേഷനറി, റിഫ്രഷ്മെന്റ്, മുതലായ വിവിധ ചെലവുകൾ |
| ആകെ | | 54,004/- | |

പരമാവധി 10,000/- രൂപയ്ക്ക് പകരം 54,004/- രൂപ അനുവദിച്ചത് സാധൂകരിക്കുന്ന മറ്റ് ഉത്തരവുകൾ ഉണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 29/22.01.2019) നൽകി. ലഭ്യമാക്കിയ മറുപടിയിൽ വകുപ്പിൽ നിന്ന് ലഭിക്കുന്ന ഫണ്ട് അപര്യാപ്തമായതിനാലാണ് പഞ്ചായത്ത് ഫണ്ട് ഇപ്രകാരം ഉപയോഗിക്കുന്നതെന്നും തടസ്സം ഒഴിവാക്കണമെന്നും അപേക്ഷിച്ചു. എന്നാൽ പ്രത്യേക അനുമതി വിവരം ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം ചെലവ് ചെയ്ത 44004/- രൂപ (54,004 - 10,000) ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-30 മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തു

പ്രോജക്ട് : 158/17-18 ശാരീരിക വെല്ലുവിളികൾ നേരിടുന്ന വയോജനങ്ങൾക്ക് ഉപകരണങ്ങൾ

ബിൽ /ചെക്ക് നം. : 09/17-18 20.02.18

തുക : 5,59,200 /-(വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

കെൽട്രോണിൽ നിന്നും Invoice No. MKTG/TRD/0056/17-18 dt.16.2.18 പ്രകാരം 10 ഇനങ്ങളിൽ ആകെ 191 ഉപകരണങ്ങൾ വാങ്ങി. ഇവയിൽ ഒരു ഗുണഭോക്താവിന്റെ ഉപയോഗം അവസാനിച്ചാൽ മറ്റുള്ളവർക്ക് ആവർത്തിച്ച് ഉപയോഗിക്കാൻ കഴിയുന്ന ഫോൾഡിംഗ് വീൽ ചെയർ (22 എണ്ണം 1,51,800/-രൂപ), എയർബെഡ് (26 എണ്ണം103298/-രൂപ), കമ്മോഡ് സ്പെഷൽ ചെയർ (56 എണ്ണം 2,35,200/-രൂപ) എന്നിവ ഉൾപ്പെടുന്നു. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 10.3.3 പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതിയില്ലാത്തതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.32 /22.01.2019)ക്ക് ലഭ്യമാക്കിയ മറുപടിയിൽ പരിരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്ന വ്യകതികൾക്ക് തന്നെയാണ് ഉപകരണങ്ങൾ നൽകിയിട്ടുള്ളതെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വയോജനങ്ങൾക്ക് ഉപകരണങ്ങൾ എന്ന പേരിൽ മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി ഉപകരണങ്ങൾ വാങ്ങി നൽകിയതിനാലും പുനരുപയോഗിക്കാവുന്ന ഉപകരണങ്ങൾ പരിരക്ഷാ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താതെ വ്യക്തിഗതമായി വിതരണം നടത്തിയതിനാലും ചെലവ് തുക 5,59,200 /- രൂപ തടസ്സം ചെയ്യുന്നു.

## 3-31 കമ്പ്യൂട്ടറും ഉപകരണങ്ങളും വാങ്ങി.

പ്രോജക്ട് :SO 132/17-18, പി.എച്ച്.സി.ഫാർമസി ശീതീകരണം,ലാപ് ടോപ്പ്,കമ്പ്യൂട്ടർ വാങ്ങൽ

അടങ്കൽ : 3,45,000/- ഫണ്ട് : MG (NR)

ചെലവ് വിവരം

ബിൽ നം. 07/17-18, dt.20.02.18 തുക : 3,40,500/-

പ്രൊജക്ട് പ്രകാരം ഇൻഫോ സിസ്റ്റം, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും (Invoice No. IS/G-078/18-19/27.01.2018) GST ഉൾപ്പെടെ (18%) ആകെ 1,88,500/-രൂപ [(31949+18%GST)X5] വിലയുള്ള ACER ALL IN ONE DESKTOP (3year warranty)-5 കമ്പ്യൂട്ടറുകളും ആകെ 117500/- രൂപ [(19915.25+18%GST)X5] വിലയുള്ള KYOCERA ECOSYS MULTI FUNCTION (1year warranty)-5 പ്രിന്ററുകളും ആകെ 34,500/-രൂപ [(5847.46+18%GST)X5] വിലയുള്ള INTERACTIVE 1000KV UPS (2year warranty) കളും വാങ്ങുന്നതിന് 3,40,500/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

ഇൻഫോ സിസ്റ്റം, മലപ്പുറം സമർപ്പിച്ച ടെണ്ടറിനോടു കൂടെ അറ്റാച്ച് ചെയ്ത ഡോക്യുമെന്റ് പ്രകാരം 18% മുതൽ 28% വരെ സർക്കാർ നികുതികൾ ഉൾപ്പെടെ ഓഫർ ചെയ്ത വില വിവരം താഴെ കൊടുക്കുന്നു.

| ഇനം | വില |
|---|---|
| DESKTOP COMPUTER<br>(with accessories & 5 year warranty) | 35,000/- |
| INTERACTIVE 1000KV UPS(2year warranty) | 5,900/- |
| MULTI FUNCTION LASER PRINTER<br>(1year warranty) | 19,020/- |

എന്നാൽ വാങ്ങിയ ഉപകരണങ്ങൾക്ക് ടെണ്ടർ ഓഫർ വിലയിലും അധികം നൽകിയതായി കാണുന്നു. വിവരം താഴെ കൊടുക്കുന്നു.

| ഇനം | ഓഫർ വില | വാങ്ങിയ വില | വ്യത്യാസം |
|---|---|---|---|
| DESKTOP COMPUTER<br>(with accessories & 5 year warranty) | 35,000x5= 1,75,000 | 1,88,500 | 13,500 |
| INTERACTIVE 1000KV UPS(2year warranty) | 5,900x5= 29,500 | 34,500 | 5,000 |
| MULTI FUNCTION LASER PRINTER<br>(1year warranty) | 19,020x5=95,100 | 1,17,500 | 22,400 |
| ആകെ | 2,99,600 | 3,40,500 | 40,900 |

ടെണ്ടർ ഓഫർ വിലയിലും അധികം 40,900/- രൂപ ചെലവ് ചെയ്ത് കമ്പ്യൂട്ടറും ഉപകരണങ്ങളും വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.31 /22.01.2019) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ സ്ഥാപനം IS/G-078/18-19 dt.27.01.2018 എന്ന നമ്പറിലുള്ള ഇൻവോയ്സ് സമർപ്പിച്ചിരുന്നു. ആയത് പരിശോധിക്കപ്പെടാതെ പോയതിനാലാണ് പരാമർശത്തിനിടയായതെന്ന് കരുതുന്നു എന്ന് അറിയിച്ചു. ലഭ്യമാക്കിയ പ്രസ്തുത ഇൻവോയ്സ് പ്രകാരം കമ്പ്യൂട്ടറും UPS ഉം 6 എണ്ണം വീതമാണ്. ടെണ്ടർ വിലയോടൊത്തുപോകുന്നതുമാണ്. സ്റ്റോക്ക് രജിസ്റ്ററിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടുമുണ്ട്. എന്നാൽ ഇക്കാര്യങ്ങളിൽ പ്രൊക്യൂർമെന്റ് നടപടികളുടെ ലംഘനങ്ങളാണ് വ്യക്തമാകുന്നത്. സുതാര്യമായ വാങ്ങൽ നടപടികളുണ്ടാകാതെ പോയതിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവയുടെ ക്രിയാത്മകമായ ഇടപെടലുകളുണ്ടായിട്ടില്ല എന്നും

വ്യക്തമാകുന്നു. സുതാര്യമായ വാങ്ങൽ നടപടികൾ മാത്രം ഉണ്ടാകുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

2017-18 വർഷത്തിൽ സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 255000 | 11/18 നെൽകൃഷിക്ക് വിത്ത് വിതരണവും കൂലിച്ചെലവ് സബ്സിഡിയും | 255000 | 0 |
| | 200000 | 1/18 പരിരക്ഷ ആരോഗ്യ സാന്ത്വന പരിപാടി | 200000 | 0 |
| | 200000 | 13/18 പരിരക്ഷ ആരോഗ്യ സാന്ത്വന പരിപാടി | 200000 | 0 |
| | 200000 | 62/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 181200 | 113/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 181200 | 0 |
| | 50000 | 244/18 പാലിന് സബ്സിഡി | 0 | 50000 |
| ജില്ലാ പഞ്ചായത്ത് | 255000 | 11/18 നെൽകൃഷിക്ക് വിത്ത് വിതരണവും കൂലിച്ചെലവ് സബ്സിഡിയും | 255000 | 0 |
| | 400000 | 62/18 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 350000 | 50000 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | എടക്കുളം ജി.എം.എൽ.പി സ്കൂളിൽ കുഴൽക്കിണർ നിർമ്മാണം | 21700783/ 23-12-17 | 43750 | 43750 | പൂർത്തീ കരിച്ചു | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 55.000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 55,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| മലപ്പുറം കോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ ലിമിറ്റഡ് | 2000 |
| മലപ്പുറം ജില്ലാ കോ- ഓപ്പറേറ്റീവ് ഹോസ്പിറ്റൽ | 3000 |

| | |
|---|---|
| മലപ്പുറം കോ-ഓപ്പറേറ്റിവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് | 50000 |
| ആകെ | 55000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 900 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-3(c) | 150 | ഡയറക്ടർ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല പ്രാദേശിക കേന്ദ്രം | 117050107870/ 3-1-18 |
| 2013-14 | 2-3(c) | 250 | വിനോദ്, എക്സിക്യൂട്ടിവ് ഓഫീസർ തിരുനാവായ ദേവസ്വം | 117050109528/ 3-2-18 |
| 2013-14 | 2-3(c) | 500 | വിനോദ് എക്സിക്യൂട്ടിവ് ഓഫീസർ, തിരുനാവായ ദേവസ്വം | 117050110664/ 1-3-18 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡികനം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം /ഖണ്ഡികനം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2011-12,12-13 2(1) | 2014-15 | ഷോപ്പിംഗ് കോംപ്ലക്സ് | 26.05.2016 ന് ലേലം നടന്നു 01.07.2016 മുതൽ എഗ്രിമെന്റ് വെച്ചു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

| ക്രമ ന | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 2-9, 2-14 | വി കെ മോഹനകൃഷ്ണൻ, സെക്രട്ടറി | LF10407/ spl.cell/ scd1/12 dt 18-9-14 | 9536 | | | | | | 9536 |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 3-1 3-10 | വി.കെ. മോഹന കൃഷ്ണൻ, സെക്രട്ടറി | LF10407/ spl.cell/ scd1/12 | 40371 | | | | | | 40371 |
| 2 | 2006-07 | 3-8 | | LF10407/ spl.cell/sc/ d1/12 dt 17-6-15 | 4773 | | | | | | 4773 |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,06,80,323 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,88,42,322 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,81,280 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,72,878.50 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-14 | 50,000 | പി.പി.മധു, അസി.സെക്രട്ടറി |
| 3-19 | 52,037 | ശ്രീമതി ജയ.പി.എൻ., അസി.എഞ്ചിനീയർ |
| 3-21 | 6,489 | ശ്രീമതി ജയ.പി.എൻ., അസി.എഞ്ചിനീയർ |
| 3-22 | 10,504 | ശ്രീമതി ജയ.പി.എൻ., അസി.എഞ്ചിനീയർ |
| 3-25 | 18,246 | ശ്രീമതി ജയ.പി.എൻ., അസി.എഞ്ചിനീയർ |
| 3-29 | 44,004 | ഡോ.അനിൽ പിഷാരടി, മെഡിക്കൽ ഓഫീസർ(PHC) |
| ആകെ | 1,81,280 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9994 | 4802-ഫവാസ് ഷമീം, സെക്രട്ടറി,<br>5191-യു.ഷീല, സെക്രട്ടറി |
| 3-3 | 299950 | യു.ഷീല, സെക്രട്ടറി |
| 3-4 | 7490 | യു.ഷീല, സെക്രട്ടറി. |
| 3-5 | 5837 | 432-ഫവാസ് ഷമീം, സെക്രട്ടറി,<br>5405-യു.ഷീല, സെക്രട്ടറി. |
| 3-10 | 240215 | ബിനു സുധാകർ, ഡയറിഫാം ഇൻസ്ട്രക്ടർ |

| | | |
|---|---|---|
| 3-11 | 328983 | 15000-ഫവാസ് ഷമീം, സെക്രട്ടറി,<br>313983-യു.ഷീല, സെക്രട്ടറി. |
| 3-12 | 1697923 | യു.ഷീല, സെക്രട്ടറി |
| 3-13 | 29890 | ശ്രീ.പി.പി.മധു, അസി.സെക്രട്ടറി |
| 3-17 | 646211.50 | ഡോ. സൂര്യ നാരായണൻ, വെറ്ററിനറി സർജൻ |
| 3-18 | 101080 | ശ്രീ.ശശീന്ദ്രൻ, ഹെഡ്മാസ്റ്റർ |
| 3-20 | 1,22,000 | ശ്രീമതി ജയ.പി.എൻ., അസി.എഞ്ചിനീയർ |
| 3-26 | 3,99,896 | ശ്രീമതി ജയ.പി.എൻ., അസി.എഞ്ചിനീയർ |
| 3-27 | 96,000 | ഡോ.അനിൽ പിഷാരടി, മെഡിക്കൽ ഓഫീസർ (PHC) |
| 3-28 | 2,28,209 | ഡോ.അനിൽ പിഷാരടി, മെഡിക്കൽ ഓഫീസർ(PHC) |
| 3-30 | 5,59,200 | ഡോ.അനിൽ പിഷാരടി, മെഡിക്കൽ ഓഫീസർ(PHC) |
| ആകെ | 4772878.50 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ജയ.പി.എൻ | അസിസ്റ്റന്റ് | ജയ.പി.എൻ,വെട്ടുകുന്നിൽ |

| | | |
|---|---|---|
| | എഞ്ചിനീയർ | തെക്കേതിൽ, അമ്മക്കണ്ടം, അടൂർ |
| ഡോ.അനിൽ പിഷാരടി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., തിരുനാവായ | 'ശിവം', പുലാമന്തോൾ മലപ്പുറം ജില്ല |
| പി.പി.മധു, അസ്സി. സെക്രട്ടറി. | സെക്രട്ടറി, പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത്, മലപ്പുറം. | പള്ളിത്താഴത്ത് എളമക്കര പി ഒ തൃശ്ശൂർ ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1978-79 | എൽ.എഫ്.എം.7/1080/94 തിയ്യതി: 31.08.2004 | 2 | |
| 1979-80 | എൽ.എഫ്.എം.7/1081/94 തിയ്യതി: 31.08.2004 | 2 | |
| 1980-81 | എൽ.എഫ്.എം.7/1082/94 തിയ്യതി: 31.08.2004 | 3 | |
| 1982-83 | എൽ.എഫ്.എം.7/1084/94 തിയ്യതി: 31.08.2004 | 1 | |
| 1983-84 | എൽ.എഫ്.എം.7/1085/94 തിയ്യതി: 31.08.2004 | 8 | |
| 1984-85 | എൽ.എഫ്.എം.7/1086/94 തിയ്യതി: 31.08.2004 | 7 | |
| 1985-86 | എൽ.എഫ്.എം.7/1087/94 തിയ്യതി: 31.08.2004 | 10 | |
| 1986-87 | എൽ.എഫ്.എം.7/1088/94 തിയ്യതി: 31.08.2004 | 12 | |
| 1987-89 | എൽ.എഫ്.എം.7/1069/94 തിയ്യതി: 04.05.1994 | 17 | |
| 1989-91 | എൽ.എഫ്.എം.7/1084/94 | 12 | |

| | | | |
|---|---|---|---|
| | തിയ്യതി: 06.02.1995 | | |
| 1991-92 | എൽ.എഫ്.എം.7/1089/94<br>തിയ്യതി: 31.08.1994 | 7 | |
| 1992-94 | എൽ.എഫ്.എം.5/720/97<br>തിയ്യതി 5.3.98 | 7 | |
| 1994-96 | എൽ.എഫ്.എം.5/868/99<br>തിയ്യതി 5.10.99 | 4 | |
| 1996-97 | എൽ.എഫ്.എം.5/11/99<br>തിയ്യതി 9.11.99 | 1 | |
| 1997-98 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2375/07<br>തിയ്യതി 6.2.09 | 1 | |
| 1998-99 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2376/07<br>തിയ്യതി 6.2.09 | 1 | |
| 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.7/2373/07<br>തിയ്യതി 6.2.09 | 4 | |
| 1997-98 മുതൽ 1999-2000 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എം.16/1617/07<br>തിയ്യതി 28.9.05 | 23 | |
| 2000-01 | എൽ.എഫ്.എം.7/2374/07<br>തിയ്യതി 6.2.09 | 10 | |
| 2001-02 | എൽ.എഫ്.എം.7/2378/07<br>തിയ്യതി 25.3.09 | 9 | |
| 2002-03 | എൽ.എഫ്.എം.7/2379/07<br>തിയ്യതി 25.3.09 | 4 | |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.എം.7/2380/07 തിയ്യതി 25.3.09 | 14 | |
| 2004-05 | എൽ.എഫ്.എം.14/2215/08 തിയ്യതി 25.3.09 | 16 | |
| 2005-06 | എൽ.എഫ്.എം.14/258/09/09 തിയ്യതി 27.6.09 | 16 | |
| 2006-07 | എൽ.എഫ്.എം.14/259/09/09 തിയ്യതി 18.7.09 | 49 | |
| 2007-08 | എൽ.എഫ്.എം.14/260/09/09 തിയ്യതി 18.7.09 | 42 | |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എം.17/201/2013 തിയ്യതി 8.4.13 | 25 | |
| 2011-12, 2012-13 | എൽ.എഫ്.എം.17/1357/2014 | 19 | |
| 2013-14, 2014-15 | എൽ.എഫ്.എം.17/1357/2014 | 18 | |
| 2015-16 | കെ.എസ്.എ.എം.പി.എം.17/3282/2016 | 16 | |
| 2016-17 | കെഎസ്എ എംപിഎം 17/2242/2017 തിയതി 22.11.2017 | 13 | |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

എൽ.3/19

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.17/1156/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ:dompm.ksad@kerala.gov.in

തീയ്യതി 05-07-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു

വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ തിരുനാവായ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്